# സെമസ്റ്റർ 3

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_3P_{15}$ | പ്രവൃത്തിവിദ്യാഭ്യാസവും |

| | | |
|---|---|---|
| സ്കോർ | : | CE - 10 TE - 30 |
| ആകെ സമയം | : | 20 മണിക്കൂർ |
| ഒരു ആഴ്ചയിലെ സമയം | : | 1 മണിക്കൂർ |

## ഉള്ളടക്കം

യൂണിറ്റ് 1 : പ്രവൃത്തിപഠനം - കാഴ്ചപ്പാടുകൾ - പ്രയോഗവൽക്കരണം

സമയം : 1 മണിക്കൂർ

യൂണിറ്റ് 2 : പ്രവൃത്തിപഠനസമീപനവും വിലയിരുത്തലും.

സമയം : 1 മണിക്കൂർ

യൂണിറ്റ് 3 : പ്രവൃത്തിപഠനം - ഉദ്ഗ്രഥന സാധ്യതകളും വിനിമയവും

സമയം : 2 മണിക്കൂർ

യൂണിറ്റ് 4 : പ്രവൃത്തി പഠനവും പ്രായോഗിക പരിശീലനവും

സമയം : 7 മണിക്കൂർ

യൂണിറ്റ് 5 : പ്രവൃത്തിപഠനവും ഐ.സി.ടി സാധ്യതകളും

സമയം : 5 മണിക്കൂർ

യൂണിറ്റ് 6 : സമൂഹവും പ്രവൃത്തിപഠനവും

സമയം : 2 മണിക്കൂർ

യൂണിറ്റ് 7 : ഇന്റേൺഷിപ്പ്

സമയം : 2 മണിക്കൂർ

# യൂണിറ്റ് - 1
# പ്രവൃത്തിപഠനം - കാഴ്ചപ്പാടുകൾ- പ്രയോഗവൽക്കരണം

**ബോധനോദ്ദേശ്യങ്ങൾ**

- പ്രവൃത്തിപഠനത്തിന്റെ ആശയപരവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ കാഴ്ചപ്പാടുകളെക്കുറിച്ചുള്ള ധാരണകൾ ഉറപ്പിക്കുന്നതിന്.
- പ്രവൃത്തിപഠനത്തിന്റെ കാഴചപ്പാടുകൾ പ്രാവർത്തികമാക്കുന്ന പ്രായോഗിക സ്ഥാപനങ്ങൾ, മേഖലകൾ ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിന്
- പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട വിവിധ സ്ഥാപന കേന്ദ്രങ്ങളിൽ പ്രവൃത്തിപഠനത്തിന്റെ കാഴ്ചപ്പാടുകൾ എത്രമാത്രം ഫലപ്രദമായി പ്രാവർത്തികമാക്കുന്നുണ്ടെന്ന് വിലയിരുത്തുന്നതിന്.

**വിഷയമേഖലയുടെ പ്രാധാന്യം**

- സ്കൂളിലെ പ്രവൃത്തിപഠനപ്രവർത്തനങ്ങൾ സാമൂഹ്യപരമായും സാമ്പത്തികപരമായും ഉള്ള വികസനത്തിലേക്കു നയിക്കുന്നവയാണെന്നു ബോധ്യപ്പെടുന്നു.
- ബുദ്ധിയുടെ ബഹുമുഖവികസനത്തിനും പ്രയോഗത്തിനും സ്കൂൾ പ്രവൃത്തിപഠന ക്ലാസ്സുകളും, എല്ലാത്തരം തൊഴിൽ ശാലകളും, വീടും, കൃഷിയിടവും എല്ലാം മുഖ്യപങ്ക് വഹിക്കുന്നു എന്ന് തിരിച്ചറിയുന്നു.
- തൊഴിൽശാലയിലും, വിദ്യാലയത്തിലും സമൂഹത്തിലും മറ്റും നിലനിൽക്കുന്ന സ്വീകാര്യമല്ലാത്ത ചില സാമൂഹ്യപ്രവണതകൾ മാറ്റിയെടുക്കുന്നതിന് സ്കൂൾ പ്രവൃത്തിപഠന ക്ലാസ്സുകളും തൊഴിൽശാലാപ്രവർത്തനങ്ങളും എത്രമാത്രം ഫലപ്രദമാണെന്ന് കണ്ടെത്തുവാൻ കഴിയുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് സ്കൂൾ പ്രവൃത്തിപഠനത്തിലും തൊഴിൽശാലകളിലും ഉൾപ്പെട്ടിരിക്കുന്നതെന്ന് തിരിച്ചറിയുവാൻ കഴിയുന്നു.
- സ്കൂൾ, തൊഴിൽശാല, കൃഷിയിടങ്ങൾ, വ്യവസായശാലകൾ തുടങ്ങിയ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പ്രവൃത്തിപഠനത്തിന്റെ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുവാൻ കഴിയുന്നു.
-

**ഉള്ളടക്കം**

### 1.1. പ്രവൃത്തിപഠനത്തിന്റെ ആശയപരവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ കാഴ്ചപ്പാടുകൾ - പ്രായോഗിക മേഖലകൾ

രണ്ടാം സെമസ്റ്ററിൽ പ്രവൃത്തിപഠനത്തിന്റെ ചരിത്രപശ്ചാത്തലം പരിശോധിച്ചതിൽനിന്ന് പ്രവൃത്തിപഠനത്തിന്റെ ലക്ഷ്യങ്ങൾ, ആശയപരമായ കാഴ്ചപ്പാട്, വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രാധാന്യം തുടങ്ങിയവ ബോധ്യപ്പെട്ടുകാണുമല്ലോ? സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ ഓരോ വ്യക്തിയും പ്രവൃത്തിപഠനത്തിലൂടെ നേടേണ്ട ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും അനുഭവവേദ്യമാക്കുകയും പ്രയോഗിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുവാ

നുള്ള വേദികളാണല്ലോ വിദ്യാലയം, വീട്, തൊഴിൽ കേന്ദ്രങ്ങൾ, കൃഷിസ്ഥലം, വ്യവസായ ശാലകൾ തുടങ്ങിയവ. ഈ സ്ഥാപനമേഖലകൾ പ്രവൃത്തിപഠനത്തിന്റെ കാഴ്ചപ്പാടുകൾക്കനു സൃതമായാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ട തുണ്ട്. അതിനായി സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നിരീക്ഷണപത്രിക തയ്യാറാക്കി ഈ കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിവരശേഖരണം നടത്തി വിശകലനം ചെയ്ത് വിലയിരുത്തു കയും അനുഭവക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. സ്ഥാപന സന്ദർശനം ഒഴി വുസമയം കണ്ടെത്തി നിർവഹിക്കാവുന്നതാണ്.

**ലക്ഷ്യങ്ങൾ**

- മാനവശേഷീവികസനം
- ദേശീയ പുരോഗതി
- തൊഴിൽ സന്നദ്ധത
- ഉല്പാദന രംഗത്തെ സ്വാശ്രയത്വം
- സന്തുലിത വ്യക്തിത്വ വികസനം
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ

**കാഴ്ചപ്പാടുകൾ**

**ആശയപരം:**

- ഉല്പാദനത്തിലേക്കു നയിക്കുന്ന പ്രവർത്തനങ്ങൾ
- സമൂഹത്തിനു പ്രയോജനപ്രദമായ സേവനങ്ങൾ

**വിദ്യാഭ്യാസപരം:**

- ബുദ്ധിയുടെ ബഹുമുഖ തലങ്ങളുടെ വികാസത്തിനുതകുന്നത്
- പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നത്.
- മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തി പഠനം സുഗമമാക്കുന്നത്.

**തൊഴിൽപരം:**

- തൊഴിൽ സന്നദ്ധത
- തൊഴിലിനോടുള്ള ആഭിമുഖ്യം
- തൊഴിൽ മേഖലയിലെ ഇന്നത്തെ പ്രവണതകൾ
- പരമ്പരാഗത തൊഴിലുകൾ
- അടിസ്ഥാന ജീവിതഘടകങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

**പ്രവർത്തനങ്ങൾ**

- **ചർച്ച**

ചർച്ചാസൂചകങ്ങൾ :

- പ്രവൃത്തിപഠനത്തിന്റെ കാഴ്ചപ്പാടുകൾ എന്തൊക്കെ?
- പ്രവൃത്തിപഠനത്തിന്റെ പ്രായോഗിക സ്ഥാപനങ്ങൾ, മേഖലകൾ ഏതൊക്കെ?
- ഈ സ്ഥാപന - മേഖലകളിലെ പ്രവർത്തനങ്ങളെ എങ്ങിനെ വിലയിരുത്താം.?

ചർച്ചയിൽ നിന്ന് നിരീക്ഷണ പത്രികയുടെ ആവശ്യകത ബോധ്യപ്പെടുന്നു.

- മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉള്ളടക്കവുമായി ബന്ധപ്പെട്ട സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപന സന്ദർശനത്തിനുള്ള നിരീക്ഷണപത്രിക തയ്യാറാക്കൽ.

(സമയം 1 മണിക്കൂർ)

നിരീക്ഷണ പത്രികയിൽ ഉൾപ്പെടുത്താവുന്ന ചില സൂചകങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.

- സ്കൂൾ/തൊഴിൽ ശാലാസന്ദർശനം, വിവരശേഖരണം, വിലയിരുത്തൽ, അനുഭവക്കുറിപ്പു തയ്യാറാക്കൽ (ഒഴിവുസമയം വിനിയോഗിക്കണം)

**മൂല്യനിർണയം**

പ്രവൃത്തിപഠനത്തിന്റെ കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കി സമീപ സ്കൂളിലെയോ, ഒരു തൊഴിൽ ശാലയിലെയോ, പ്രവർത്തനങ്ങളെ വിലയിരുത്തി കുറിപ്പെഴുതുക.

**അനുബന്ധം - 1**

(നിരീക്ഷണപത്രികയിൽ ഉൾപ്പെടുത്താവുന്ന സാമ്പിൾ സൂചകങ്ങൾ സന്ദർശന കേന്ദ്രത്തിന് അനുയോജ്യമായവ ചർച്ചയിലൂടെ കണ്ടെത്തി കൂട്ടിചേർക്കാവുന്നതാണ്.)

- തൊഴിലാളി മുതലാളി ബന്ധം
- സ്ത്രീപുരുഷ സമത്വം
- വേതനതുല്യത
- ഉല്പന്നങ്ങൾ സമൂഹത്തിന് എത്രമാത്രം പ്രയോജനപ്രദമാണ്.
- തൊഴിലിനോടുള്ള മനോഭാവം ആഭിമുഖ്യം.
- സേവനപരമായ പ്രവർത്തനങ്ങൾ
- ഉല്പാദനപരമായ പ്രവർത്തനങ്ങൾ
- പരിസ്ഥിതി സൗഹൃദം
- വ്യക്ത്യാന്തരബന്ധം
- സാമൂഹിക വൈകാരിക ബന്ധം
- ആനുകാലിക പ്രസക്തി
- ഉല്പന്നവുമായി ബന്ധപ്പെട്ടവ
-

# യൂണിറ്റ് - 2

## പ്രവൃത്തിപഠനസമീപനവും വിലയിരുത്തലും

**സമയം : 1 മണിക്കൂർ**

## ഉള്ളടക്കം


2.1. പ്രവൃത്തിപഠനസമീപനത്തിന് അനുഗുണമായ അധ്യാപക നൈപുണികളുടെ വികാസം

2.2. ജീവിതനൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ

2.3 വിലയിരുത്തൽ

# യൂണിറ്റ് – 2

# പ്രവൃത്തിപഠനസമീപനവും വിലയിരുത്തലും

**ബോധനോദ്ദേശ്യങ്ങൾ**

- പ്രവൃത്തിപഠന സമീപനത്തെക്കുറിച്ചു നേടിയ ധാരണകളുടെ പ്രയോഗവൽക്കരണം ക്ലാസ്റൂം അനുഭവങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുന്നതിന്.
- സമൂഹത്തിന് അനുഗുണമായ അധ്യാപകനൈപുണികളുടെ നേട്ടത്തെക്കുറിച്ച്, ക്ലാസുമുറികളിൽ നൽകിയ പ്രവർത്തനങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്വയം .വിലയിരുത്തി ആത്മവിശ്വാസം നേടുന്നതിന്.
- ജീവിത നൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ അനുഭവാധിഷ്ഠിത വികാസത്തിന്റെ ചില സന്ദർഭങ്ങൾ പങ്കുവയ്ക്കുന്നതിന്.
- പരമാവധി വിലയിരുത്തൽ ഇനങ്ങളെക്കുറിച്ചും വിലയിരുത്തൽ സൂചകങ്ങൾ, തന്ത്രങ്ങൾ ഇവയെക്കുറിച്ചും കൂടുതൽ ധാരണകൾ നേടുന്നതിന്.

**വിഷയമേഖലയുടെ പ്രാധാന്യം**

- പ്രവൃത്തിപഠനസമീപനം സാക്ഷാത്കരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് ക്ലാസിൽ നൽകേണ്ടത്.
- സമീപനത്തിനനുസൃതമായ അധ്യാപക നൈപുണികൾ അധ്യാപക വിദ്യാർഥികൾ നേടേണ്ടതുണ്ട്.
- അനുഭവത്തിലൂന്നികൊണ്ട് സ്വയം വിലയിരുത്തലിലൂടെ ജീവിതനൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ വികാസം തന്നിലും തന്റെ വിദ്യാർത്ഥികളിലും എങ്ങനെ സാധ്യമാക്കാമെന്ന് ബോധ്യപ്പെടുന്നു.
- പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട വിലയിരുത്തൽ ഇനങ്ങളെക്കുറിച്ചും വിലയിരുത്തൽ തന്ത്രങ്ങൾ, സൂചകങ്ങൾ എന്നിവയെ സംബന്ധിച്ചും ധാരണകൾ ഉറപ്പിക്കാനും പ്രയോഗവൽക്കരണത്തിൽ ആത്മവിശ്വാസം നേടുവാനും കഴിയുന്നു.

**ഉള്ളടക്കം**

**2.1. പ്രവൃത്തിപഠന സമീപനത്തിനനുഗുണമായ അധ്യാപക നൈപുണികളുടെ വികാസം**

**2.2. ജീവിതനൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ**

പ്രവൃത്തിപഠന സമീപനത്തെക്കുറിച്ചുള്ള ധാരണ, സമീപനത്തിനനുസൃതമായി പ്രവർത്തനങ്ങൾ നൽകുവാനുള്ള അനുഭവജ്ഞാനം എന്നിവ രണ്ടാം സെമസ്റ്ററിൽ എൽ.പി.തല ഇന്റേൺഷിപ്പോടുകൂടി അധ്യാപകവിദ്യാർത്ഥികൾ നേടിയിട്ടുണ്ടാവണം. നേടിയ ധാരണകളെക്കുറിച്ചും കൈവരിച്ച നൈപുണികളെക്കുറിച്ചും സ്വയം വിലയിരുത്തുന്നതിനും കൂടുതൽ മെച്ചപ്പെടുവാൻ ആത്മവിശ്വാസം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തുടർന്ന് ചെയ്യുവാനുള്ളത്.

**പ്രവർത്തനങ്ങൾ**

- ഇന്റേൺഷിപ്പ് അനുഭവങ്ങൾ എഴുതിതയ്യാറാക്കി പങ്കുവെയ്ക്കൽ (വ്യക്തിഗതം – ക്ലാസിൽ നൽകിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി)
- പ്രവർത്തനങ്ങൾ നൽകിയ രീതി (അനുഭവാധിഷ്ഠിതം, ആവശ്യാധിഷ്ഠിതം, പ്രക്രിയാ

ബന്ധിതം, ഉദ്ഗ്രഥിതം....)

- വ്യക്തിഗതം/സംഘ പ്രവർത്തനം.
- ജീവിതനൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ പരിഗണന.
- സമഗ്രവികസനം (വൈജ്ഞാനികം, വൈകാരികം, പ്രകടനം)
- ടീച്ചർ എഡ്യൂക്കേറ്ററിന്റേയും, സഹാധ്യാപക വിദ്യാർത്ഥികളുടേയും ഇടപെടിലൂടെ അധ്യാപക - വിദ്യാർത്ഥിയുടെ അധ്യാപന നൈപുണി വിലയിരുത്തൽ (സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ, ടീച്ചർ എഡ്യൂക്കേറ്ററിന്റെ വിലയിരുത്തൽ)
- വിശകലനക്കുറിപ്പു തയ്യാറാക്കൽ

**വിശകലനക്കുറിപ്പ് - ഫോർമാറ്റ്**

| പ്രവർത്തനം | ഊന്നൽ നൽകിയ സമീപനങ്ങൾ | ബന്ധപ്പെട്ട അധ്യാപന നൈപുണികൾ | ബന്ധപ്പെട്ട ജീവിത നൈപുണുകൾ | മനോഭാ വങ്ങൾ | മൂല്യ ങ്ങൾ |
|---|---|---|---|---|---|
| | | | | | |

സ്വയം വിലയിരുത്തൽ :

സഹ അധ്യാപകവിദ്യാർത്ഥികളുടെ വിലയിരുത്തൽ :

ടീച്ചർ എഡ്യൂക്കേറ്ററുടെ നിർദ്ദേശങ്ങൾ :

### 2.3. വിലയിരുത്തൽ

പ്രവൃത്തിപഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏതെല്ലാം മേഖലകളുടെ/ഇനങ്ങളുടെ വിലയിരുത്തൽ നടത്തണം, ഏതെല്ലാം തന്ത്രങ്ങൾ പ്രയോഗിക്കണം, വിലയിരുത്തൽ സൂചകങ്ങൾ ഏതൊക്കെയാവാം എന്നീകാര്യങ്ങളെക്കുറിച്ച് ധാരണ ലഭിക്കേണ്ടതുണ്ട്. രണ്ടാം സെമസ്റ്ററിൽ ഇവയെക്കുറിച്ചുള്ള ഏകദേശ ധാരണകൾ ലഭിക്കുകയും ഇന്റേൺഷിപ്പിന്റെ സമയത്ത് പ്രയോഗിക്കുവാനുള്ള അവസരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൂടുതൽ ഇനങ്ങളെക്കുറിച്ച് അറിയുകയും അവയുടെ വിലയിരുത്തൽ സൂചകങ്ങൾ, വിലയിരുത്തൽ തന്ത്രങ്ങൾ ഇവയെക്കുറിച്ച് ധാരണ നേടുന്നതിനും മൂല്യനിർണയ മാർഗ്ഗരേഖ വിശലനം ചെയ്യുകയും വിശകലനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

**പ്രവർത്തനങ്ങൾ**

- **ചർച്ച**

ചർച്ചാ സൂചകങ്ങൾ

- പ്രവൃത്തിപഠനത്തിൽ നിരന്തരവും സമഗ്രവുമായ വിലയിരുത്തലിന്റെ പ്രസക്തി എന്ത് (സമഗ്രവികസനം, കുറവുകൾ അതതു സമയം പരിഹരിച്ച് പഠനമുന്നേറ്റം ഉറപ്പാക്കൽ, CE, TE, etc)
- വിലയിരുത്തൽ തന്ത്രങ്ങൾ ഏവ? (നിരീക്ഷണം പ്രായോഗിക പ്രവർത്തനം വിലയിരുത്തൽ അഭിമുഖം, എഴുത്തു പരീക്ഷകൾ, പോർട്ട്ഫോളിയോ വിലയിരുത്തൽ, വിവിധ റിക്കാർഡുകളുടെ പരിശോധന........)
- വിലയിരുത്തൽ ഇനങ്ങൾ എന്തൊക്കെയാവാം? (അറിവുകളും ധാരണകളും, പ്രക്രിയകൾ, ഉല്പന്നങ്ങൾ മനോഭവങ്ങൾ, മൂല്യങ്ങൾ, നൈപുണികൾ......)
- വിലയിരുത്തൽ സൂചകങ്ങൾ ഏന്തെല്ലാം?

- റഫറൻസ് - മൂല്യനിർണയ മാർഗ്ഗരേഖ വിശകലനം
- വിശകലനക്കുറിപ്പു തയ്യാറാക്കൽ (ഉൽപന്നങ്ങൾ, മനോഭാവങ്ങൾ, നൈപുണികൾ, മൂല്യങ്ങൾ ഇവയുടെ വിലയിരുത്തൽ സൂചകങ്ങൾ രണ്ടാം സെമസ്റ്ററിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ soft skills development ന്റെ വിലയിരുത്തൽ സൂചകങ്ങളെകുറിച്ച് കൂടുതൽ ധാരണകൾ നേടേണ്ടതുണ്ട്.

Egs : Life Skills

| **Skill areas** | **Indicators** |
|---|---|
| Thinking skills | Student demonstrates the abilities to :<br>• be original, flexible and imaginative<br>• raise questions, identify and analyse problem<br>• implement well thoughtout decision and take responsibility<br>• generate new ideas with fluency<br>• elaborate/build on new ideas. |
| Social skills | • Identify, verbalise and respond effectively to others emotions in an empathetic manner<br>• get along well with others<br>• take criticism positively<br>• listen actively<br>• communicate using appropriate words, intonation and body language. |

**Attitude**

- Shows respect and courtesy at all times inside and outside the classroom
- Demonstrates attitudes that are positive and conducive to learning
- Takes criticism in the right spirit
- Respects and follows the teachers and school rules.

| Skill areas | Indicators |
|---|---|
| Emotional skills | • Identify ones own strengths and weaknesses.<br>• be comfortable with ones own self and over come weakness for positive self concept<br>• Identify causes and effects of stress on oneself<br>• develop and use multi-faceted strategies to deal with stress<br>• abilities to express and respond to emotions with an awareness of the consequences. |

- Deliver a job assigned effectively and responsibly
- Is kind and helpful
- Shows healthy rapport with others.

**Values**

- Understands the need for rules and follows them
- Honest and ethical, exhibits integrity
- Has self-respect
- Polite courteous to every one
- Exhibits leadership
- Respects diversity (culture, opinion, beliefs and abilities)respects the opposite sex.
- Shows a kind, helpful and responsible behaviour/attitude
- Display commitment and an open mind
- Works efficiently, respects time his/her own and others.
- Displays spirit of citizenship
- Peace living, strives for conflict management in all stress ful situation
- Ability to find happiness within oneself.
- Protects the environment.

**മൂല്യനിർണയം**

പേപ്പർ ക്യാരിബാഗ് നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് വിലയിരുത്താവുന്ന ഇനങ്ങളും അവയുടെ വിലയിരുത്തൽ തന്ത്രങ്ങളും സൂചകങ്ങളും എന്തൊക്കെയായിരിക്കും എന്ന് വിശമാക്കുക.

# യൂണിറ്റ് - 3

## പ്രവൃത്തിപഠനം - ഉദ്ഗ്രഥന സാധ്യതകളും വിനിമയവും

**സമയം : 2 മണിക്കൂർ**

## ഉള്ളടക്കം

3.1. പ്രവൃത്തിപഠനം - ഉദ്ഗ്രഥന സാധ്യതകളുടെ വിശകലനവും വിനിമയവും (യു.പി.തലം)

3.1.1 പ്രവൃത്തിപഠന LOs (Lerarning outcomes അടിസ്ഥാനത്തിൽ പ്രൈമറി പാഠഭാഗങ്ങളുടെ വിശകലനം (യു.പി. തലം)

3.1.2 ഉദ്ഗ്രഥനസാധ്യതകൾ, ഐ.സി.ടി. സാധ്യതകൾ

3.1.3 പാഠാപഗ്രഥനം, പാഠാസൂത്രണം (യു.പി.തലം), TLM അനുരൂപീകരണ പ്രവർത്തനങ്ങൾ.

3.1.4 വിശകലന ക്ലാസ്സുകൾ - മുന്നൊരുക്കം.

# യൂണിറ്റ് - 3

# പ്രവൃത്തിപഠനം - ഉദ്ഗ്രഥന സാധ്യതകളും വിനിമയവും

**ബോധനോദ്ദേശ്യങ്ങൾ**

- പ്രൈമറി പാഠ്യപദ്ധതി (യു.പിതലം), പാഠപുസ്തകം എന്നിവ പ്രവൃത്തിപഠന പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി വിശകലനം നടത്തുന്നതിന്, ഉദ്ഗ്രഥന സാധ്യതകൾ, ഐ.സി.ടി സാധ്യതകൾ എന്നിവ കണ്ടെത്തുന്നതിന്.
- ഉദ്ഗ്രഥനസാധ്യതകൾ, ഐ.സി.ടി സാധ്യതകൾ ഇവ ഉൾപ്പെടുത്തിയുള്ള പാഠാപഗ്രഥനം, പാഠാസൂത്രണം എന്നിവ നടത്തുന്നതിന്.
- വിനിമയത്തിന് ആവശ്യമായ പഠനസാമഗ്രികൾ (ടി.എൽ.എം) തയ്യാറാക്കുന്നതിന് അനുരൂപീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന്.
- വിശകലന ക്ലാസുകൾക്കുള്ള മുന്നൊരുക്കങ്ങൾക്കായി പാഠാസൂത്രണം, വിശകലന രൂപരേഖ എന്നിവ തയ്യാറാക്കുന്നതിന്.

**ഉള്ളടക്കം**

**3.1. പ്രവൃത്തിപഠനം– ഉദ്ഗ്രഥനസാധ്യതകളുടെ വിശകലനവും വിനിമയവും (യു.പി.തലം)**

പ്രവൃത്തിപഠനത്തെ ഒരു പ്രത്യേക വിഷയമായി കാണുന്നതോടൊപ്പം മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ടുള്ള ഒരു പഠനരീതിയാണ് ക്ലാസുമുറികളിൽ നടക്കേണ്ടത്. അതിനായി പ്രവൃത്തിപഠന പാഠ്യപദ്ധതിയും ഇതര വിഷയങ്ങളുടെ പാഠ്യപദ്ധതിയും വിശകലനം ചെയ്ത് ഉദ്ഗ്രഥന സാധ്യതകൾ കണ്ടെത്തി ഇന്റേൺഷിപ്പിനായി ബോധനശാസ്ത്രപരമായ പാഠാപഗ്രഥനം, പാഠാസൂത്രണം, വിശകലനക്ലാസുകൾ എന്നിവനടത്തേണ്ടതുണ്ട്. അതിനുള്ള മുന്നൊരുക്കങ്ങളാണ് ഈ യൂണിറ്റിൽ പ്രതിപാദിച്ചിട്ടുള്ളത്.

**3.1.1 പ്രവൃത്തിപഠനം എൽ.ഒ (L.O) യുടെ അടിസ്ഥാനത്തിൽ പ്രൈമറി പാഠഭാഗങ്ങളുടെ വിശകലനം (യു.പി.തലം)**

**3.1.2 ഉദ്ഗ്രഥനസാധ്യതകൾ, ഐ.സി.ടി സാധ്യതകൾ**

അധ്യാപക വിദ്യാർത്ഥികൾ ഗ്രൂപ്പുതലത്തിൽ പ്രൈമറി പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവ പ്രവൃത്തിപഠന പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി വിശകലനം നടത്തുകയും ഉദ്ഗ്രഥന സാധ്യതകളും ഐ.സി.ടി സാധ്യതകളും കണ്ടെത്തി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പാഠ്യപദ്ധതി വിനിമയത്തിനായി പ്രവർത്തനപദ്ധതി രൂപരേഖ തയ്യാറാക്കി അതിൽ രേഖപ്പെടുത്തലുകൾ നടത്താവുന്നതാണ്.

**പ്രവർത്തനങ്ങൾ**

- വിവിധ വിഷയങ്ങളുടെ പ്രൈമറിപാഠപുസ്തകങ്ങൾ (യു.പി.തലം) സോഴ്സ് ബുക്കുകൾ, പ്രവൃത്തിപഠന പാഠ്യപദ്ധതി ഇവയുടെ വിശകലനം (group & standared wise)
- ഉദ്ഗ്രഥനസാധ്യതകൾ കണ്ടെത്തൽ.
- അനുയോജ്യമായ പ്രവർത്തനങ്ങൾ, വിനിമയ തന്ത്രങ്ങൾ എന്നിവ രൂപപ്പെടുത്തൽ, ഐ.സി.ടി. സാധ്യതകൾ കണ്ടെത്തി രേഖപ്പെടുത്തൽ
- ടി.എൽ. എം വിശകലനം (Materials & Tools കണ്ടെത്തൽ)
- പ്രവർത്തന പദ്ധതി രൂപരേഖയിൽ രേഖപ്പെടുത്തൽ (പ്രവർത്തന പദ്ധതിയുടെ രൂപരേഖയുടെ, ഫോർമാറ്റ് രണ്ടാം സെമസ്റ്ററിൽ പരിചയപ്പെട്ടിട്ടുണ്ടല്ലോ)

### 3.1.3 പാഠാസൂത്രണം, പാഠാസൂത്രണം (യു.പി.തലം)TLM അനുരൂപീകരണ പ്രവർത്തനങ്ങൾ

ബോധനശാസ്ത്രപരമായ പാഠാപഗ്രഥനത്തിനായി നേരത്തെ തയ്യാറാക്കിയ പ്രവർത്തന പദ്ധതി രൂപരേഖ ഉപയോഗപ്പെടുത്താവുന്നതാണ്.

**പ്രവർത്തനങ്ങൾ**

- പ്രവർത്തന പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റിൽ പാഠാപഗ്രഥനം നടത്തുന്നു (ഗ്രൂപ്പ് & വ്യക്തിഗതം) (പാഠാപഗ്രഥനം - ഫോർമാറ്റ് രണ്ടാം സെമസ്റ്ററിൽ പരിചയപ്പെട്ടിട്ടുണ്ടല്ലോ.)
- പാഠാപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റിൽ പാഠാസൂത്രണം നടത്തുന്നു. (വ്യക്തിഗതം) പ്രവൃത്തിപഠനത്തിന്റെ തനത് പാഠാസൂത്രണവും ഉദ്ഗ്രഥിത പാഠാസൂത്രണവും തയ്യാറാക്കേണ്ടതാണ്. ഇന്റേൺഷിപ്പിൽ രണ്ട് ക്ലാസുകളിൽ ഒന്ന് തനതു പാഠാസൂത്രണം അനുസരിച്ചും മറ്റൊന്ന് ഉദ്ഗ്രഥിത പാഠാസൂത്രണം അനുസരിച്ചു എടുക്കേണ്ടതാണ്. (പാഠാസൂത്രണത്തിന്റെ ഫോർമാറ്റ് രണ്ടാം സെമസ്റ്ററിൽ പരിചയപ്പെട്ടിട്ടുണ്ടല്ലോ.)

പാഠാപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ് വിനിമയത്തിനാവശ്യമായ പഠനസാമഗ്രികൾ (TLM) എന്തൊക്കെയാണെന്ന് തിരിച്ചറിയുകയും അവ തയ്യാറാക്കുന്നതിനുള്ള ശില്പശാല സംഘടിപ്പിക്കേണ്ടതുമാണ്.

**വർക്ക്ഷോപ്പ്**

TLM തയ്യാറാക്കൽ, CWSN കുട്ടികളെ പരിഗണിച്ച് അനരൂപീകരണ പ്രവർത്തനങ്ങൾ തയ്യാറാക്കൽ, ICT സാധ്യതകൾ സജ്ജമാക്കൽ (ഗ്രൂപ്പ്/വ്യക്തിഗതം)

(ശില്പശാലയ്ക്ക് മുന്നോടിയായി ആവശ്യമായി ആസൂത്രണം നടത്തേണ്ടതാണ്. ശില്പശാലയ്ക്ക് ഒഴിവുസമയം വിനിയോഗിക്കണം)

### 3.1.4 വിശകലന ക്ലാസുകൾ - മുന്നൊരുക്കം

രണ്ടാം സെമസ്റ്ററിൽ എൽ.പി. തലത്തിൽ പ്രവൃത്തിപഠന വിഷയത്തിൽ വിശകലനക്ലാസ് നടത്തിയിരുന്നല്ലോ? അതുപോലെ യു.പി. തലത്തിലും ഒരു വിശകലന ക്ലാസ് നടത്തേണ്ടതുണ്ട്. എന്നാൽ അത് നാലാം സെമസ്റ്ററിലാണ് നടപ്പാക്കേണ്ടതുണ്ട്. കാരണ, നാലാം സെമസ്റ്ററിലാണ് യു.പിതല ഇന്റേൺഷിപ്പ്, യൂണിറ്റ് ടെസ്റ്റ് ഇവ നടത്താൻ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മൂന്നാം സെമസ്റ്ററിൽ തന്നെ അതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. അതിനായി പാഠാസൂത്രണവും വിശകലന രൂപരേഖയും തയ്യാറാക്കേണ്ടതുണ്ട്.

**പ്രവർത്തനങ്ങൾ**

- വിശകലനം ചെയ്യേണ്ട ക്ലാസ്സിന്റെ പാഠാസൂത്രണം തയ്യാറാക്കുക.
- ക്ലാസ് വിശകലനത്തിനും നിരീക്ഷണത്തിനും ഫോർമാറ്റ് തയ്യാറാക്കൽ (പൊതുവായി തയ്യാറാക്കിയ ഫോർമാറ്റ് പരിഗണിച്ചുകൊണ്ട്)

തയ്യാറാക്കിയ പാഠാപഗ്രഥനവും പാഠാസൂത്രണങ്ങളും 'പ്രവൃത്തി പഠനവും ഐ.സി.ടി. സാധ്യതകളും' എന്ന അഞ്ചാമത്തെ യൂണിറ്റുമായി ബന്ധിപ്പിച്ച് മെച്ചപ്പെടുത്തുകയും എഴാം യൂണിറ്റ് വിനിമയം ചെയ്യുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

**മൂല്യനിർണയം**

യു.പിതലത്തിലെ ഏതെങ്കിലും ഒരു ക്ലാസിലെ (V/VI/VII) ഏതെങ്കിലും ഒരു വിഷയത്തിലെ ഒരു യൂണിറ്റിൽ ഉദ്ഗ്രഥിതമായി വിനിമയം ചെയ്യാവുന്ന LOs (Learning Outcome) കണ്ടെത്തി കുറിയ്ക്കുക. തുടർന്ന് ഏതെങ്കിലും ഒരു LO അടിസ്ഥാനമാക്കി ഒരു പാഠാസൂത്രണം തയ്യാറാക്കുക.

# യൂണിറ്റ് - 4

## പ്രവൃത്തിപഠനവും പ്രായോഗിക പരിശീലനവും

**സമയം : 7 മണിക്കൂർ**

## ഉള്ളടക്കം

4.1. വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുടെ പരിശീലനം

# യൂണിറ്റ് - 4
## പ്രവൃത്തിപഠനവും പ്രായോഗിക പരിശീലനവും

### ആമുഖം

പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ പഠനപ്രവർത്തനങ്ങൾ വിനിമയം ചെയ്യുമ്പോൾ ഓരോ വിഷയത്തിനും അധ്യാപകന് ബോധനതന്ത്രപരമായ കാഴ്ചപ്പാടും നൈപുണികളും ആവശ്യമാണ്. ആ നിലയ്ക്ക് പ്രവൃത്തിപഠന പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിനും അധ്യാപക വിദ്യാർത്ഥികൾ പ്രത്യേകമായ നൈപുണികൾ കൈവരിക്കേണ്ടതുണ്ട്. അതിനായി അവർ പ്രവൃത്തി പഠനത്തിലെ വിവിധമേഖലകളിലെ പ്രവർത്തനങ്ങളുടെ വിവിധഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. അതിലൂടെ നേടുന്ന അനുഭവങ്ങൾകൊണ്ടു മാത്രമേ തുടർന്നുള്ള പ്രവർത്തന മണ്ഡലത്തിൽ (അധ്യാപനത്തിൽ) ആത്മവിശ്വാസത്തോടെയും സ്വയം പര്യാപ്തതയോടെയും പാഠ്യപദ്ധതി വിനിമയം ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതു സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രയോഗിക അവസരം ഒരുക്കലാണ് ഈ യൂണിറ്റ് വിനിമയത്തിലൂടെ സാധ്യമാകുന്നത്.

സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ചില പ്രായോഗിക പ്രവർത്തനങ്ങളെ പ്രധാനമായി നാലു മേഖലകളായി തിരിച്ചുകൊണ്ട് ഓരോ മേഖലയിലേയും ഓരോ പ്രവർത്തനമെങ്കിലും ചെയ്ത്പരിശീലനം നേടേണ്ടതുണ്ട്. ഓരോ മേഖലയിലേയും സാമ്പിൾ പ്രവർത്തനത്തിന്റെ സൂചനകൾ ഈ യൂണിറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

### ബോധന ഉദ്ദേശ്യങ്ങൾ

- സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന ചില പ്രവർത്തനങ്ങളെ നാലുമേഖല കളായി തിരിച്ചിരിക്കുന്നു എന്നറിയുന്നതിന്.
- സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള അന്വേഷണങ്ങളുടെ പ്രായോഗിക പ്രവർത്ത നത്തിൽ നിന്നാണ് പുതിയ ഉല്പന്നങ്ങൾ രൂപം കൊള്ളുന്നതെന്ന് ബോധ്യപ്പെടുന്നതിന്.
- വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളുടെ പ്രായോഗിക പരിശീലനം നേടുന്നതിന്.
- പ്രവൃത്തിപഠനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള രീതികൾ, പ്രക്രിയകൾ, എന്നിവയെ സംബന്ധിച്ച ധാരണകൾ കൈവരിക്കുന്നതിന്.
- ഉപകരണങ്ങൾ, അംസ്കൃതവസ്തുക്കൾ, എന്നിവ കൈകാര്യം ചെയ്യുന്നതിൽ നൈപുണി നേടുന്നതിന്.
- ജീവിത നൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ അനുഭവാധിഷ്ഠിത വികാസം കൈവരിക്കുന്നതിന്.
- പ്രായോഗിക പരിശീലനംകൊണ്ട് കൈവരിക്കുന്ന നേട്ടങ്ങളിലൂടെ തുടർന്നുള്ള സ്കൂൾ പാഠ്യപദ്ധതി വിനിമയത്തിൽ ആത്മവിശ്വാസവും സ്വയം പര്യാപ്തയും നേടുന്നതിന്.

### ഉള്ളടക്കം

**4.1 വിവിധഖേലകളിലെ പ്രവർത്തനങ്ങളുടെ പരിശീലനം.**

സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാനുതകുന്ന ചില പ്രവർത്തനങ്ങളെ നാലുമേഖലക

ളായി തിരിച്ചിരിക്കുന്നു. ഓരോന്നിലും ഉൾപ്പെടുത്തിയിരിക്കുന്ന ചില പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

**മേഖല – 1 : ദൈനംദിന ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ടവ**

- സമയവിവരപട്ടിക തയ്യാറാക്കുകയും ഉപയോഗിക്കുകയും ചെയ്യുക (ബസ്, ട്രെയിൻ, വിമാനം)
- കുടുംബ ബജറ്റ് തയ്യാറാക്കുക, ദൈനംദിനചെലവ് രേഖപ്പെടുത്തുക.
- ആഹാരസാധനങ്ങൾ തയ്യാറാക്കുക.
- ഇവന്റ്മാനേജ്മെന്റ്

**മേഖല – 2 :ഗാർഹിക വസ്തുക്കളുടെ നിർമാണവും പരിപാലനവും (Repair and maintenance of household articles)**

- വൈദ്യുതോപകരണങ്ങൾ
- തടിപ്പണി/ചിരട്ടകൊണ്ടുള്ള ഉല്പന്നങ്ങൾ.
- ചവിട്ടി, കയറ്റുപായ ഇവയുടെ നിർമാണം.
- സോപ്പുനിർമാണം.
- Plumbing - changing washer, plugging leak, fixing tap, etc.
- Repair of bicycle, simple domestic appliances
- Making of brooms, waste paper baskets, dustbins, etc.

**മേഖല – 3 : സ്റ്റേഷനറിവസ്തുക്കളുടെ നിർമാണം.**

- ഫോൾഡിംഗ് ഫയൽ/ഫയൽബോർഡ്
- ബുക്ക്ബയന്റിംഗ്
- കവർ/പേപ്പർ ക്യാരിബാഗുകൾ
- പഠനോപകരണനിർമാണം.

**മേഖല – 4 : വസ്ത്രനിർമാണം**

- വസ്ത്രനിർമാണം (ഫ്രോക്ക്, പാവാട, ..........)
- എംബ്രോയിഡറി/തയ്യൽ
- ഫാബ്രിക് പെയിന്റിംഗ്/പ്രിന്റിംഗ്
- ചായംമുക്കൽ.

പ്രവർത്തനങ്ങളുടെ പ്രായോഗിക പരിശീലനത്തിനായി തഴെ പറയുന്ന രീതികളും പ്രക്രിയയും സ്വീകരിക്കാവുന്നതാണ്.

## പ്രവർത്തനരീതികൾ

അധ്യാപകവിദ്യാർത്ഥികളെ മേഖലകളുടെ അടിസ്ഥാനത്തിൽ നാലുഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോഗ്രൂപ്പിനും ഓരോ പ്രവർത്തനങ്ങൾ നൽകുക. പൂർത്തീകരിച്ചശേഷം മേഖലകൾ മാറ്റി ക്കൊടുക്കുക. അങ്ങനെ Cyclic ആയി ഓരോ ഗ്രൂപ്പും 4 മേഖലകൾ പൂർത്തിയാക്കുമ്പോൾ ഓരോ അധ്യാപകവിദ്യാർത്ഥിയും വ്യക്തിഗതമായി കുറഞ്ഞത് 4 പ്രവർത്തനങ്ങൾ ചെയ്തി രിക്കും. (ഓരോ മേഖലയിൽ നിന്നും ഒരു പ്രവർത്തനമെങ്കിലും വേണം)

**Cycle - 1**

| ഗ്രൂപ്പ് | മേഖല | പ്രവർത്തനം |
|---|---|---|
| ഗ്രൂപ്പ് -1 | മേഖല-1 | • കുടുംബ ബജറ്റ് തയ്യാറാക്കുക ദൈനംദിന ചെലവ് രേഖപ്പെടുത്തുക. |
| ഗ്രൂപ്പ് -2 | മേഖല-2 | • തടിപ്പണി/ചിരട്ടകൊണ്ടുള്ള ഉല്പന്ന ങ്ങൾ |
| ഗ്രൂപ്പ് -3 | മേഖല-3 | • ഫയൽബോർഡ്/ഫോൾഡിംഗ് ഫയൽ |
| ഗ്രൂപ്പ് -4 | മേഖല-4 | • വസ്ത്ര നിർമാണം, ടൈ & ഡൈ (Tie & dye) |

**Cycle - 2**

| ഗ്രൂപ്പ് | മേഖല | പ്രവർത്തനം |
|---|---|---|
| ഗ്രൂപ്പ് -1 | മേഖല-2 | • വൈദ്യുതോപകരണങ്ങൾ ഉദാ. Switch Board, extension കോഡ്, ലഘുവയറിംഗ് |
| ഗ്രൂപ്പ് -2 | മേഖല-3 | • കവർ/പേപ്പർ ക്യാരിബാഗ് |
| ഗ്രൂപ്പ് -3 | മേഖല-4 | • എംബ്രോയിഡറി |
| ഗ്രൂപ്പ് -4 | മേഖല-1 | • സമയ വിവരപട്ടിക തയ്യാറാക്കുകയും ഉപ യോഗിക്കുകയും ചെയ്യുക. |

**Cycle - 3**

| ഗ്രൂപ്പ് | മേഖല | പ്രവർത്തനം |
|---|---|---|
| ഗ്രൂപ്പ് -1 | മേഖല-3 | • പഠനോപകരണ നിർമാണം |
| ഗ്രൂപ്പ് -2 | മേഖല-4 | • ഫേബ്രിക്പെയിന്റിഗ്/പ്രിന്റിംഗ് |
| ഗ്രൂപ്പ് -3 | മേഖല-1 | • ആഹാരസാധനങ്ങൾ |
| ഗ്രൂപ്പ് -4 | മേഖല-2 | • സോപ്പുനിർമാണം. |

**Cycle - 4**

| ഗ്രൂപ്പ് | മേഖല | പ്രവർത്തനം |
|---|---|---|
| ഗ്രൂപ്പ് -1 | മേഖല-4 | • ചായംമുക്കൽ |
| ഗ്രൂപ്പ് -2 | മേഖല-1 | • ഇവന്റ് മാനേജ്മെന്റ് (Stage arrangement, programme തയ്യാറാക്കൽ, Comparing, re-freshment, സ്വീകരണം, discipline etc. |
| ഗ്രൂപ്പ് -3 | മേഖല-2 | • Making dust bin, |
| ഗ്രൂപ്പ് -4 | മേഖല-3 | • ബുക്ക് ബയന്റിംഗ്. |

N. B: നാലു സൈക്കിൾ പ്രവർത്തനങ്ങൾ അവസാനിക്കുമ്പോൾ ഓരോ ഗ്രൂപ്പും ചെയ്തു തീർക്കുന്ന നാലു പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ വിലയിരുത്തുന്നു, പ്രദർശിപ്പി ക്കുന്നു.

Note: ഈ പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് കമ്യൂണിറ്റി ലിവിംഗ് ക്യാമ്പ് സമയം ഇതിനുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്.

**പ്രവർത്തന പ്രക്രിയ**

- ആസൂത്രണം (പ്രവർത്തനപദ്ധതി കലണ്ടർ ഉൾപ്പെടെ തയ്യാറാക്കണം)
- സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയുടെ സംഘാടനം
- ഡമോൺസ്ട്രേഷൻ (ആവശ്യമെങ്കിൽ)
- പ്രായോഗികപരിശീലനം (വ്യക്തിഗതം/ഗ്രൂപ്പ്തലം)
- വർക്ക് ഡയറി തയ്യാറാക്കൽ
- പരസ്പര വിലയിരുത്തൽ/ഗ്രൂപ്പ് വിലയിരുത്തൽ
- പ്രദർശനം/അവതരണം.

ആവശ്യമായ ആസൂത്രണം ക്ലാസ്സ് ടൈമിൽ ചെയ്തശേഷം ഒഴിവു സമയങ്ങൾ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

**മാതൃകാപ്രവർത്തനങ്ങൾ (Sample activities)**

**മേഖല - 1 : ദൈനംദിന ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ടവ**

**പ്രവർത്തനം :** കുടുംബ ബജറ്റ് തയ്യാറാക്കുക, ദൈനംദിനചെലവ് രേഖപ്പെടുത്തുക.

പ്രവർത്തനരീതി : വ്യക്തിഗതം/ഗ്രൂപ്പ്തലം

പ്രവർത്തനക്രമം

- ചർച്ച

ചർച്ചാസൂചകങ്ങൾ

- കുടുംബ ബജറ്റിന്റെയും വരവ്ചെലവ് കണക്ക് രേഖപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നതിന്റെയും ആവശ്യകത എന്ത്?
- വരവ് ചെലവു കണക്കുകൾ രേഖപ്പെടുത്തുന്നതെങ്ങനെ?
- ചെലവിന്റെ രേഖകൾ, വൗവ്ച്ചറുകൾ, രസീതുകൾ, ബില്ലുകൾ എന്നിവ സൂക്ഷിക്കുന്നതെങ്ങനെ?
- കണക്കുപുസ്തകത്തിൽ വരവും ചെലവും ദൈനംദിനമായി കൃത്യമായും ഭംഗിയായും രേഖപ്പെടുത്തുന്നതെങ്ങനെ?
- മുൻവരവു ചെലവു കണക്കും നിലവിലെ വരവുചെലവുകണക്കും താരതമ്യം ചെയ്യുന്നതെന്തിന്?
- അവശ്യവസ്തുക്കളെക്കറിച്ചും ആർഭാടവസ്തുക്കളെക്കറിച്ചും വ്യത്യസ്തകുടുംബങ്ങൾ തിരിച്ചറിയുന്നതിന്റെ ആവശ്യകത എന്ത്?

- തന്റെ കുടുംബത്തിനാവശ്യമായ ഉപഭോഗവസ്തുക്കളുടെ (consumable articles) പട്ടിക തയ്യാറാക്കൽ.
- ആവശ്യമായ സാധനങ്ങളുടെ വിലവിവരങ്ങൾ ശേഖരിക്കൽ
- ഓരോ ആവശ്യങ്ങൾക്കും കുടുംബ വരുമാനവിഹിതം നിർണയിക്കൽ (വ്യക്തിഗതം)
- കുടുംബ ബജറ്റ് തയ്യാറാക്കൽ (വ്യക്തിഗതം)

അനുബന്ധം :(1) വരവ്ചെലവ് പുസ്തകത്തിന്റെ ഒരു പേജിന്റെ കോപ്പി

(2) ബജറ്റ് തയ്യാറാക്കുന്നതിനുള്ള പട്ടിക

**നിത്യേനയുള്ള വരവ് ചെലവ് കണക്ക് (ഫോർമാറ്റ്)**

| വരവ് | | | | ചെലവ് | | | |
|---|---|---|---|---|---|---|---|
| തീയതി | നമ്പർ | ഇനം | ആകെ | തീയതി | നമ്പർ | ഇനം | ആകെ |
| 01.06.14 | 1<br>2 | Opening balance (0/B)<br>ശമ്പളം<br>...........<br>ആകെ | Rs.........<br>Rs.........<br>Rs.........<br>Rs......... | 01.06.14 | 1<br>2<br>3 | പലചരക്ക്<br>പാൽ<br>നീക്കി യിരുപ്പ്<br>ആകെ | Rs.........<br>Rs.........<br>Rs.........<br>Rs......... |
| 02.06.14 | | | | | | | |

**Note:** (ഈ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത് ഒരു അധ്യാപക വിദ്യാർത്ഥിക്ക് വരവ് ചെലവ് കണക്കുബുക്ക് തയ്യാറാക്കുന്നതിനുള്ള കഴിവു നേടുക എന്നുള്ളതാണ്. ഇത് മൂല്യനിർണ്ണയത്തിന് വിധേയമാക്കേണ്ടതില്ല പാർലമെന്റ്, കമ്യൂണിറ്റ് ലിവിംഗ് ക്യാമ്പ് വേളകളിൽ ഈ പ്രവർത്തനം പ്രയോജനപ്പെടുന്നതാണ്)

**കുടുംബ ബജറ്റ് (ഒരു മാസത്തേക്ക്) ഫോർമാറ്റ്)**

**Note:** (കുടുംബ ബജറ്റ് തയ്യാറാക്കുന്നതിൽ ഒരു അധ്യാപക വിദ്യാർത്ഥി കഴിവു നേടുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. കമ്യൂണിറ്റി ലിവിംഗ് ക്യാമ്പ് വേളയിൽ ഈ പ്രവർത്തനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് മൂല്യനിർണയ ത്തിന് വിധേയമാക്കേണ്ടതില്ല.)

**മേഖല -2 : ഗാർഹിക വസ്തുക്കളുടെ നിർമ്മാണവും പരിപാലനവും**

- തടിപ്പണി/ചിരട്ടകൊണ്ടുള്ള ഉല്പന്നം..

പ്രവർത്തനം : പൂച്ചട്ടി നിർമാണം

പ്രവർത്തനരീതി : വ്യക്തിഗതം/ഗ്രൂപ്പുതലം

പ്രവർത്തനക്രമം

| വരവിനങ്ങൾ | | | ചെലവിനങ്ങൾ | | |
|---|---|---|---|---|---|
| നമ്പർ | ഇനം | തുക | നമ്പർ | ഇനം | തുക |
| 1<br>2<br>3<br>4 | ശമ്പളം<br>കാർഷിക വരുമാനം<br>............................<br>............................... | Rs.........<br>Rs.........<br>Rs.........<br>Rs......... | 1<br>2<br>3<br>4<br>5 | പലവ്യഞ്ജനം<br>പച്ചക്കറി, മത്സ്യം<br>..........................<br>പലവക/അപ്രതീക്ഷിതം<br>നീക്കിയിരുപ്പ് | Rs.........<br>Rs.........<br>Rs.........<br>Rs.........<br>Rs......... |
| | ആകെ | Rs. 10,000<br>സാങ്കല്പികം | | ആകെ | Rs. 10,000<br>സാങ്കല്പികം |

1

ചർച്ച

- ഉപയോഗയോഗ്യമല്ലെന്നു കരുതുന്ന തടിക്കഷണങ്ങൾ/ചിരട്ട മുതലായവ ഉപയോഗിച്ച് എന്തെല്ലാം ഉല്പന്നങ്ങൾ നിർമ്മിക്കാം?
- അലങ്കാരപൂച്ചട്ടി നിർമ്മാണത്തിന്റെ ആവശ്യകതയിലേക്ക് ചർച്ച നയിക്കാം.
- എങ്ങനെ നിർമ്മിക്കാം?
- എന്തെല്ലാം സാധനസാമഗ്രികൾ ആവശ്യമാണ്?

**നിർമാണസാമഗ്രികൾ**

Hack saw, wood file, knife

Hand drill, sand paper, polish/paint

Waste wood pieces, coconut shell, thread/wire, brush etc.

- നിർമ്മാണ സാമഗ്രികളുടെ സംഘാടനം
- നിർമ്മാണം

**നിർമ്മാണ ഘട്ടങ്ങൾ**

1. ഒരു തേങ്ങ പൊതിച്ച് എടുത്ത് അതിന്റെ ഒരു വശം വൃത്തത്തിൽ Hack saw ഉപയോഗിച്ച് ചെറുതും വലുതുമായ രണ്ട് ഭാഗങ്ങളാക്കുക. വലിയ കഷ്ണത്തിലെ, . തേങ്ങ ചിരകി ചിരട്ട മാത്രം എടുക്കുക. കണ്ണുകൾക്ക് കേടുവരാതെ ശ്രദ്ധിക്കണം.
2. ചിരട്ടയുടെ പുറംഭാഗം അരം ഉപയോഗിച്ച് ചുരണ്ടി വൃത്തിയാക്കിയശേഷം സാൻഡ് പേപ്പർ ഉപയോഗിച്ച് മിനുസപ്പെടുത്തുക. വരിപ്പുകൾ പോകാതെ ശ്രദ്ധിക്കണം.
3. വായഭാഗത്തിന് 5 മില്ലീമീറ്റർ താഴെയായി തുല്യ അകലത്തിൽ മൂന്നു സുഷിരങ്ങൾ ഇടുക (ഡ്രിൽ ഉപയോഗിച്ച്) സുക്ഷിരങ്ങളിൽ കൂടി ചരടുകെട്ടി തൂക്കി ഇടാവുന്നതാണ്.
4. ചെറിയ തടിറീപ്പറുകൾ (waste wood pieces) ഉപയോഗിച്ച് ഒരു wall bracket ഉണ്ടാക്കുക.
5. ചിരട്ടയിലെ സുക്ഷിരങ്ങളിൽകൂടി ചരടുകോർത്ത് കെട്ടി Wall bracket ൽ തൂക്കി ഇടുക.
6. ചിരട്ടയും തടികഷണങ്ങളും പെയിന്റ് ചെയ്യുകയോ പോളിഷ് ചെയ്യുകയോ, ആകാം. ആവശ്യമെങ്കിൽ ചിത്രങ്ങൾ വരച്ച് ഭംഗിയാക്കാവുന്നതാണ്.
7. ചിരട്ടക്കുള്ളിൽ പൂക്കളോ, ചെടികളോ ക്രമീകരിച്ച് അലങ്കാര പൂച്ചട്ടിയായി ഉപയോഗിക്കാം.

**വിലയിരുത്തൽ (ടീച്ചർ എഡ്യൂക്കേറ്റർ ചെയ്യേണ്ടത്)**

- ആശയങ്ങൾ
- ജീവിതനൈപുണികൾ
- മനോഭാവങ്ങൾ, മൂല്യങ്ങൾ
- മോട്ടോർ സ്കിൽ
- ഉല്പന്നം

പ്രദർശനം

**മേഖല - 3 : സ്റ്റേഷനറിവസ്തുക്കളുടെ നിർമ്മാണം**

**പ്രവർത്തനം :** ഫയൽ ബോർഡ് നിർമ്മാണം.

പ്രവർത്തന രീതി ; വ്യക്തിഗതം

പ്രവർത്തനക്രമം :

- ചർച്ച - ആവശ്യബോധം സൃഷ്ടിക്കൽ
- എന്തെല്ലാം സാമഗ്രികൾ ആവശ്യമാണ്.

**നിർമ്മാണ സാമഗ്രികൾ**

32 ഔൺസ് സ്ട്രോബോർഡ്, കാലിക്കോ, വെള്ളകോട്ടൺനാട, ചാർട്ട് പേപ്പർ, പശ, കത്തി, കത്രിക, ഉളി, ചുറ്റിക.

- നിർമാണസാമഗ്രികളുടെ സംഘാടന
- നിർമാണം

**നിർമാണഘട്ടങ്ങൾ**

- ഫയൽബോർഡിന്റെ അളവിന് (32 x 23 cm) സ്ട്രോബോർഡ് മുറിച്ചെടുക്കുക (ചിത്രം - 1) നാലുവശങ്ങളിലും 3cm വീതിയിൽ കാലികോ ഒട്ടിച്ചു ബോർഡർ ചെയ്യുന്നു. (ചിത്രം - 2)
- കാർഡ്ബോർഡിന്റെ ഒരു പുറത്ത് 31 cm x 22 cm വലിപ്പത്തിൽ ചാർട്ട്പേപ്പർ മുറിച്ചെടുത്ത് ഒട്ടിക്കുന്നു. (നാലുവശത്തും ½ സെന്റീ മീറ്റർ കാലിക്കോബോർഡർ കാണുന്നവിധം) ചിത്രം (2).
- ഫ്ളാപ്പ് നിർമ്മിക്കുന്നതിനായി 60 x 10 cm വലിപ്പത്തിൽ കാലിക്കോയും ചാർട്ട് പേപ്പറും മുറിച്ചെടുത്ത് കാലിക്കൊയുടെ പരുക്കൻ പ്രതലത്തിൽ ചാർട്ട് പേപ്പർ ഒട്ടിക്കുക




(1)



(2)

- തയ്യാറാക്കിയ ഫ്ളാപ്പ് കാർഡ്ബോർഡിൽ ചാർട്ട് പേപ്പർ ഒട്ടിച്ച ഭാഗത്ത് നടുവിലായി ഒട്ടിക്കുന്നു. ഒരുവശത്ത് 14 cm ഉം മറ്റേവശത്ത് 23 cm ഉം നീളത്തിൽ ഫളാപ്പ് വരത്തക്കവിധം ഒട്ടിക്കണം. (ചിത്രം - 4)



(ചിത്രം-3)

- ഫ്ളാപ്പ് ഒട്ടിച്ച ഭാഗം തിരിച്ച്വെച്ച് കാർഡ്ബോർഡിന്റെ രണ്ടുവശങ്ങളിലും 2½ cm അകലം വിട്ട് 1cm വീതിയിൽ ഉളിഉപയോഗിച്ച് മുറിച്ച് Slit ഉണ്ടാക്കി അതിലൂടെ 90 cm നീളമുള്ള നാട വലിച്ചെടുക്കുക.



(ചിത്രം-4)

- നാടയുടെ മധ്യഭാഗം ബോർഡിൽ ഒട്ടിക്കുക.



(ചിത്രം-5)

- ചാർട്ട് പേപ്പർ 31 x 22 cm അളവിൽ മുറിച്ചെടുത്ത് നാലു വശങ്ങളിലും അര സെ.മീ. കാലിക്കോ ബോർഡർ കാണുന്ന വിധം കാർഡു ബോർഡിന്റെ പുറത്ത് ഒട്ടിക്കുക.

**വിലയിരുത്തൽ (ടീച്ചർ എഡ്യൂക്കേറ്റർ)**

- ആശയധാരണകൾ
- ജീവിതനൈപുണികൾ
- മനോഭാവങ്ങൾ, മൂല്യങ്ങൾ
- മോട്ടോർ സ്കിൽസ്
- ഉല്പന്നം

- പരസ്പര വിലയിരുത്തൽ, സ്വയം വിലയിരുത്തൽ,
- പ്രദർശനം

**മേഖല - 4 : വസ്ത്രനിർമാണം**

പ്രവർത്തനം : പാവാട നിർമാണം

പ്രവർത്തനരീതി : വ്യക്തിഗതം

പ്രവർത്തനക്രമം:

- ചർച്ച

- ആവശ്യബോധം സൃഷ്ടിക്കൽ
- പാവാട നിർമ്മാണത്തിൽ എന്തെല്ലാം സാമഗ്രികൾ ആവശ്യമാണ്.
- എങ്ങനെ നിർമ്മിക്കാം

**നിർമാണ സാമഗ്രികൾ**

തുണി, കത്രിക, ടേപ്പ്, സൂചി, നൂൽ

- നിർമാണ സാമഗ്രികളുടെ സംഘാടനം
- നിർമാണം

**നിർമാണഘട്ടങ്ങൾ**

- പാവാടയുടെ ഇറക്കത്തിനനുസരിച്ച് ആവശ്യമുള്ള തുണി അളന്നു വാങ്ങുക.
- പാവാടയുടെ ഇറക്കത്തിനനുസരിച്ച് തുണി നീളത്തിൽ മൂന്നു കഷണങ്ങളാക്കി മുറിക്കുക.
- മൂന്നുകഷണങ്ങളും നെടുകെ ചേർത്ത് തയ്ക്കുക.
- ഒരു വശത്ത് ഞൊറിവുണ്ടാക്കി തയ്ച്ചെടുക്കുക.
- പടിയ്ക്കുള്ള തുണി 3 ഇഞ്ച് വീതിയിൽ അരവണ്ണത്തിനനുസരിച്ച്വെട്ടിയെടുക്കുക.
- പാവാടയുടെ ഞൊറിവുള്ള ഭാഗത്ത് പടിയായി മടക്കിവെച്ച് തയ്ച്ചെടുക്കുക.
- അരവണ്ണം ഓപ്പണിംഗിന് മൂന്ന് ഇഞ്ച് വിട്ട് തയ്ച്ചെടുക്കുക.
- പാവാടയുടെ അടിഭാഗം മടക്കി തയ്ക്കുക.
- വെയ്സ്റ്റ്പടിക്കുള്ളിൽ നാടകടത്തി വള്ളിയിടുക. പാവാട തുന്നി ഉപയോഗിക്കാം.
- വിലയിരുത്തൽ - ആശയധാരണകൾ
  - Life skills
  - Motor skill
  - Attitude & Values
- പ്രദർശനം

**Note:** : (അധ്യാപക വിദ്യാർത്ഥിയുടെ താൽപര്യത്തിനും അഭിരുചിക്കും അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാം. ആവശ്യമെങ്കിൽ വിവിധതൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിന് പി.ടി.എ യുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.)

# യൂണിറ്റ് - 5

## പ്രവൃത്തിപഠനവും ICT സാധ്യതകളും

**സമയം : 5 മണിക്കൂർ**

## ഉള്ളടക്കം


5.1. കമ്പ്യൂട്ടർ അസംബ്ലിംഗ്

5.2. ഇമേജ് എഡിറ്റിംഗ്

5.3. വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ

5.4. പ്രസന്റേഷനുവേണ്ടി സ്ലൈഡുകൾ തയ്യാറാക്കൽ

# യൂണിറ്റ് - 5

## പ്രവൃത്തിപഠനവും ICT സാധ്യതകളും

അധ്യാപക വിദ്യാഭ്യാസത്തിൽ ബോധനശാസ്ത്രപരമായ വിഷയങ്ങൾ, പഠനവിഷയങ്ങളുടെ ഉള്ളടക്കം, പ്രായോഗിക പരിശീലനം എന്നിവയ്ക്കൊപ്പം ചില പൊതുശേഷികൾക്കും ഊന്നൽ നൽകിയാൽ മാത്രമേ ഫലപ്രദമായ അധ്യാപനശേഷികൾ അധ്യാപക വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാൻ കഴിയൂ. വിവരസാങ്കേതിക വിദ്യയിലെ ശേഷികളാണ് ഇതിൽ പ്രധാനമായ ഒരു മേഖല. ഈ മേഖലയിൽ അധ്യാപക വിദ്യാർത്ഥികൾ ആർജിക്കേണ്ട വിവരവിനിമയ സാങ്കേതിക (ICT) ശേഷികൾ നിർവചിക്കുകയും ഇവയുടെ പ്രായോഗിക പരിശീലനവും പ്രയോഗവും വിവിധ വിഷയങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ചിന്താശേഷികൾ, അവതരണനൈപുണികൾ (Presentation Skills) ഗ്രാഫിക് രൂപകല്പനാശേഷികൾ (Graphic design skills) എന്നിങ്ങനെയുള്ളവ വിവിധ മേഖലകളുമായി ചേർത്ത് അവതരിപ്പിക്കുവാൻ കഴിയണം. അതിനുള്ള അവസരം ഒരുക്കുകയാണ് ഈ യൂണിറ്റ്‌വിനിമയം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ബോധനോദ്ദേശ്യങ്ങൾ**

- അധ്യാപകവിദ്യാർത്ഥികൾ നേടേണ്ട വിവര വിനിമയ സാങ്കേതിക വിദ്യയിലെ നൈപുണികൾ തിരിച്ചറിയുന്നതിന്.
- പഠനപ്രവർത്തനങ്ങളുടെ റിക്കോർഡിംഗിൽ പ്രാവീണ്യം നേടുന്നതിന്.
- വീഡിയോ ഫയൽ തയ്യാറാക്കുന്നതിനും LCD Projection (Display) നടത്തുന്നതിനുമുള്ള വൈദഗ്ധ്യം നേടുന്നതിന്.
- സ്കൂളിൽ ലഭ്യമായ കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവു നേടുന്നതിന്.
- ഇമേജ് എഡിറ്റിംഗിൽ പ്രാവീണ്യം നേടുന്നതിന്.
- പ്രസന്റേഷനുവേണ്ടി സ്ലൈഡുകൾ തയ്യാറാക്കുന്നതിൽ വൈദഗ്ധ്യം നേടുന്നതിന്.

**5.1 – കംമ്പ്യൂട്ടർ അസംബ്ലിംഗ്**

കംമ്പ്യൂട്ടറിന്റെ ആന്തരിക ഘടകങ്ങൾ സംയോജിപ്പിക്കുന്ന പ്രവർത്തനങ്ങളല്ല ഈ യൂണിറ്റ് ലക്ഷ്യമിടുന്നത്. മറിച്ച്, കമ്പ്യൂട്ടറിന്റെ ബാഹ്യഘടകങ്ങൾ സംയോജിപ്പിക്കാനുള്ള പ്രായോഗിക പരിശീലനമാണ്.

**കമ്പ്യൂട്ടറിന്റെ ഘടകങ്ങൾ**

1. സി.പി.യു
2. മോണിറ്റർ/എൽ.സി.ഡി പ്രൊജക്ടർ
3. കീബോർഡ്
4. ശബ്ദ സംവിധാനം, മൈക്കുകൾ
5. പ്രിൻറർ, സ്കാനർ
6. പുറത്ത് വയ്ക്കുന്ന ഹാർഡ് ഡിസ്ക്ക് (External Hard Disc)

7. പെൻഡ്രൈവുകൾ

8. ഇന്റർനെറ്റ് കണക്ടറുകൾ

9. ഡാറ്റ കാർഡുകൾ, സി.ഡി.കൾ

കമ്പ്യൂട്ടറിലേക്ക്/ലാപ്പ്ടോപ്പിലേക്ക് വിവരങ്ങൾ നൽകുന്നതിനും (Input) കമ്പ്യൂട്ടറിൽനിന്ന് വിവരങ്ങൾ പുറത്തേക്ക് കൊടുക്കുന്നതിനുമാണ് വിവിധ ഘടക ഭാഗങ്ങൾ ഉപയോഗിക്കുന്നത്. കീബോർഡ്, സ്കാനർ, മൈക്കുകൾ, സിഡികൾ, പെൻഡ്രൈവ്, ഡാറ്റാ കാർഡുകൾ, ഹാർഡ് ഡിസ്ക്കുകൾ എന്നിവ കമ്പ്യൂട്ടറിന് വിവരങ്ങൾ നൽകാനും തിരിച്ച് ശേഖരിച്ച് സ്വീകരിച്ചുവെയ്ക്കാനുമുള്ള ഉപകരണങ്ങളാണ്. പ്രിന്റർ, മോണിറ്റർ, എൽ.സി.ഡി. പ്രൊജക്ടർ, ശബ്ദസംവിധാനങ്ങൾ എന്നിവ വിവരങ്ങൾ പുറത്തേയ്ക്കു കിട്ടാനുള്ള (out put) ഘടകങ്ങളാണ്.

കമ്പ്യൂട്ടറിനെ വിവിധ ഘടക ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നത് അനുയോജ്യമായ കോഡ് വയറുകൾ ഉപയോഗിച്ചാണ്. ഇതിനുള്ള സ്ലോട്ടുകൾ നോക്കി കണക്ട് ചെയ്യുക. എന്നത് ലളിതമായ ജോലിയാണ്. പ്രിന്റർ പോലുള്ള ഘടകഭാഗങ്ങൾ പ്രവർത്തിക്കാൻ പ്രത്യേകം പവർ സപ്ലൈ ആവശ്യമാണ്. ശബ്ദസംവിധാനങ്ങളും ഇന്റർനെറ്റ് മോഡവും സ്വതന്ത്രമായ വൈദ്യുതി കണക്ഷൺ ആവശ്യമുള്ളവയാകും. യഥാവിധി നിരീക്ഷിച്ചാൽ ഈ കോഡുകളും അവ കണക്ട് ചെയ്യാനുള്ള സ്ലോട്ടുകളും കണ്ടെത്താനാവും. കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കാനുള്ള കോഡുകളെ ഡാറ്റാ കോഡ് എന്നും വൈദ്യുതി കണക്ഷനുള്ള കോഡുകളെ പവർ കോഡുകൾ എന്നും പറയും. മോണിറ്ററുമായി ബന്ധിപ്പിക്കുന്ന ഡാറ്റാ കോഡു തന്നെയാണ്. LCD പ്രൊജക്ടറുമായി ബന്ധിപ്പിക്കാനും ഉപയോഗിക്കുന്നത്. സ്ലോട്ടുകളും കോഡുകളും നന്നായി പരിശോധിച്ചാൽ കേടുപാടുകൾ വരാതെ കണക്ടുചെയ്യുവാനാകും. യന്ത്രങ്ങളുമായി ബന്ധപ്പെട്ട ഒരു പഴമൊഴി ഇവിടെ ഓർക്കാവുന്നതാണ്. ഏതൊരു യന്ത്രത്തെയും സൂക്ഷ്മമായി നിരീക്ഷിച്ചാൽ അത് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് ആ യന്ത്രം തന്നെ നമ്മെ പഠിപ്പിക്കും.

കമ്പ്യൂട്ടറിന്റെ ഘടകഭാഗങ്ങൾ ചേർത്തുവച്ച് പ്രവർത്തിപ്പിക്കുന്നതിന് ഒരു വിദഗ്ധന്റെ നേതൃത്വത്തിലുള്ള ഏകദിന ശില്പശാല ഏറെ പ്രയോജനകരമായിരിക്കും.

**പ്രവർത്തനം 1 :** കമ്പ്യൂട്ടർ ഘടകങ്ങൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ തിരിച്ചറിയൽ

**പ്രവർത്തനരീതി :** ഗ്രൂപ്പ് തലം/വ്യക്തിഗതം

**പ്രവർത്തനക്രമം :**

- ചർച്ച, കമ്പ്യൂട്ടർ ഘടകങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, എന്നിവയുടെ ചിത്രങ്ങൾ നിരീക്ഷിക്കുക. അവയുടെ പേരുകൾ കണ്ടെത്തുക. ഉപയോഗം കുറിയ്ക്കുക.
- സാമഗ്രികളുടെ സംഘാടനം, ഉപകരണങ്ങളുടെ പരിചയപ്പെടൽ,
- വിദഗ്ധരുടെ സേവനം ഉറപ്പാക്കൽ.
- കമ്പ്യൂട്ടർ അസംബ്ലിംഗ് പരിശീലനം.
- സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, ടീച്ചർ എഡ്യൂക്കേറ്ററിന്റെ വിലയിരുത്തൽ.

(Indicators : സ്വയം ചെയ്തു/പരസഹായത്തോടെ ചെയ്തു/പൂർത്തിയാക്കാൻ കഴിഞ്ഞില്ല.)

### 5.2 ഇമേജ് എഡിറ്റിംഗ്

സ്കാൻ ചെയ്ത ഇമേജുകളെ മാറ്റങ്ങൾ വരുത്തി മെച്ചപ്പെടാനനുവദിക്കുന്ന സോഫ്റ്റ് വെയ

റാണ് ഇമേജ് എഡിറ്റിംഗ് സോഫ്റ്റ് വെയർ. പെയ്ന്റ് ബക്കറ്റ്, ബ്രഷ്, പെൻ മുതലായ വിവിധ ഓൺസ്ക്രീൻ ടൂൾസ് ഉപയോഗിച്ച് മറ്റ് ഗ്രാഫിക്കൽ ഇമേജുകളും ചിത്രങ്ങളും ആകൃതികളും ഉപയോക്താക്കൾക്ക് വരയ്ക്കാൻ കഴിയും. ഫോട്ടോഗ്രാഫുകൾ റീടച്ച് ചെയ്യാനും ഇമേജിന്റെ നിറങ്ങളെ കൂട്ടാനും ക്രമീകരിക്കാനും, അതുപോലെ നിഴലുകളും മിനുങ്ങുന്നതുമായ സ്പെഷ്യൽ എഫക്ടുകൾ കൂട്ടിച്ചേർക്കാനും കഴിയും.

ചിത്രരചന, ഇമേജ് എഡിറ്റിംഗ്, ലോഗോനിർമ്മാണം, അനിമേഷൻ നിർമാണം മുതലായ നിരവധി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ഒരു സ്വതന്ത്രസോഫ്റ്റ് വെയറാണ് ജിമ്പ് (GIMP - GNU Image Manipulation Programme) Aplication ⟶ graphics ⟶ GIMP Image Editor. എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ഇതു തുറക്കാം. ജിമ്പിന്റെ പ്രധാന ജാലകം ആദ്യം പ്രത്യക്ഷപ്പെടുന്നത് ടൂളുകളോടുകൂടിയതാണ്. ചിത്രരചനയ്ക്ക് സഹായിക്കുന്ന നിരവധി ടൂളുകൾ ഇതിൽ കാണാം. ഓരോ ടൂളിന്റേയും പേരറിയാൻ മൗസ് പോയിന്റർ ആ ടൂളിൽ എത്തിച്ചു നിർത്തുക. ഓരോ ട്യൂളിന്റേയും പേരും ഉപയോഗവും കണ്ടെത്തുക. ഈ ഉപകരണങ്ങളുടെ സഹായത്തോടെ ഒരു ചിത്രം വരച്ചു നോക്കൂ. ചിത്രം സേവ് ചെയ്യാനും പഠിയ്ക്കുക.

**പ്രവർത്തനം : 1. ലോഗോനിർമ്മാണം**

**പ്രവർത്തനരീതി : വ്യക്തിഗതം**

**പ്രവർത്തനക്രമം**

- ചർച്ച
  - എന്താണ് ഇമേജ് എഡിറ്റിംഗ്?
  - ഇമേജ് എഡിറ്റിംഗ് സോഫ്റ്റ് വെയറിന്റെ ധർമ്മമെന്ത്?
  - എന്താണ് ജിമ്പ്?
  - ജിമ്പ് സോഫ്റ്റ് വെയർ തുറക്കുന്നതെങ്ങനെ?
  - ഇതുപയോഗിച്ച് ചിത്രം വരയ്ക്കുന്നതെങ്ങനെ?
- കമ്പ്യൂട്ടർ, വിദഗ്ധയായ ടീച്ചർ എഡ്യൂക്കേറ്റർ/മറ്റ് വിദഗ്ധരുടെ സേവനം - സംഘടിപ്പിക്കൽ
- ലോഗോ നിർമാണത്തിനുള്ള വർക്ക്ഷീറ്റ് തയ്യാറാക്കൽ (വിദഗ്ധരുടെ സഹായത്തോടെ)
- ലോഗോ നിർമാണം

**വർക്ക് ഷീറ്റ്**

1. കമ്പ്യൂട്ടർ ലാബിൽ ചെയ്യേണ്ട പ്രവർത്തനം/ഉണ്ടാക്കേണ്ട ഉൽപ്പന്നം

| |
|---|
| GIMP ഉപയോഗിച്ചുകൊണ്ടുള്ള ലോഗോ നിർമാണം. |

2. വേണ്ട സോഫ്റ്റ് വെയർ

| |
|---|
| It@schholGNU/Linux operation System (GIMP) |

3. തയ്യാറെടുപ്പ്/മുന്നൊരുക്കങ്ങൾ/സജ്ജീകരണങ്ങൾ/മാതൃകകൾ

| |
|---|
| WORK EDUCATION - SCOPE OF ICT |

4. പ്രവർത്തനക്രമം/ഘട്ടങ്ങൾ

   i. Application ⟶ Graphics ⟶ GIMP IMAGE EDITOR (Click)

ii. File →Xtns → Script File → Logos (Click)

iii. Sript File → 3D outline → Comic Book (Click)

iv. Text (Type logos)→ Font size → Font → Gradiant → Ok

5. സേവ് ചെയ്യുക

File → Save as → Name → brounce for other folder →

Desk top → Folder name → sub folder Name → Select File type → Save

**പ്രവർത്തനം – 2 : Cover Designing/Address Tag/Name slip/Programe notice /Posters**

**പ്രവർത്തനരീതി :** Group work/Individual

**പ്രവർത്തനക്രമം** : ലോഗോ നിർമാണം ചെയ്ത ശേഷം വിദഗ്ധരുടെ സഹായത്തോടെ ഓരോ ഇനവും സൈക്ലിക്കായി ചെയ്ത് പരിശീലിക്കണം. ലോഗോ നിർമാണത്തിന്റെ പ്രവർത്തനക്രമം തന്നെ സ്വീകരിക്കാം.

**Note:** ആവശ്യമെങ്കിൽ പി.ടി.എ യുടെ സഹകരണത്തോടെ ഒരു വിദഗ്ധന്റെ സേവനം തേടാവുന്നതാണ്.

→

### 5.3. വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ, വീഡിയോ എഡിറ്റിംഗ്

വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി പ്രവൃത്തിപഠനപ്രവർത്തനത്തിന്റെ ചിത്രങ്ങൾ (ഫോട്ടോഗ്രാഫ്) ഒരു വീഡിയോ ക്യാമറ ഉപയോഗിച്ച് എടുക്കണം. ഈ വീഡിയോ ഫയൽ കമ്പ്യൂട്ടറിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും വേണം. ആവശ്യമായ സൗണ്ട് റിക്കോർഡിംങ്ങ് ഒരു സ്റ്റുഡിയോ മാതൃകയിൽ സ്ഥാപനത്തിൽ തന്നെ ചെയ്യാവുന്നതാണ്. ഈ ഓഡിയോ ഫയലും കമ്പ്യൂട്ടറിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. ഇങ്ങനെ തയ്യാറാക്കിയ വീഡിയോ ഫയലും ഓഡിയോ ഫയലും മിക്സ് ചെയ്ത് എഡിറ്റ് ചെയ്യുന്നതിനായി Open Shot Video Editor, അല്ലെങ്കിൽ K. Denlive Video Editor ഉപയോഗിക്കുന്നു. ഇങ്ങനെ എഡിറ്റ് ചെയ്ത ശേഷം അത് authentic file - ലേക്ക് എക്സ്പോർട്ട് ചെയ്യുന്നു. ഇതിന്റെ സി.ഡി. റൈറ്റ് ചെയ്ത് എൽ.സി.ഡി. പ്രൊജക്ഷൻ നടത്താവുന്നതാണ്.

> ‘ക്ലിപ്പ്’ എന്നുവിളിക്കുന്ന ഒരു വീഡിയോയുടെ സെഗ്മന്റിനെ വീഡിയോ എഡിറ്റിംഗ് സോഫ്റ്റ് വെയർ കൊണ്ട് പരിഷ്കരിക്കാം. ഉദാഹരണത്തിന് ഒരു വീഡിയോ ക്ലിപ്പ് റിക്കാർഡിലെ ക്ലിപ്പുകളുടെ ദൈർഘ്യം കുറയ്ക്കുവാനും സ്ക്രീനിൽ സമമായി നീങ്ങുന്ന പദങ്ങൾപോലുള്ള സ്പെഷ്യൽ എഫക്ട് കൂട്ടിച്ചേർക്കാനും കഴിയും. ഓഡിയോ ക്വാളിറ്റി വർദ്ധിപ്പിക്കാനായി രൂപകല്പന ചെയ്തിട്ടുള്ള ഫിൽറ്റേഴ്സ് പൊതുവെ ഉൾക്കൊള്ളുന്നവയാണ് ഓഡിയോ എഡിറ്റിംഗ് സോഫ്റ്റ് വെയർ ഓഡിയോ ക്ലിപ്പിൽ നിന്നും അലോസരപ്പെടുത്തുന്ന ഒരു പശ്ചാത്തല ശബ്ദം നീക്കാൻ ഒരു ഫിൽട്ടറിനു കഴിഞ്ഞേക്കും.

**പ്രവർത്തനം :** വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ

**പ്രവർത്തന രീതി** : ഗ്രൂപ്പ് തലം

**പ്രവർത്തനക്രമം :**

- ചർച്ച
  - വീഡിയോ എഡിറ്റിംഗ് എന്താണ്?
  - ഇത് എങ്ങനെ കമ്പ്യൂട്ടറിൽ സാധ്യമാകും?

- ഓഡിയോ എഡിറ്റിംഗ് എന്താണ്?
-
-
-

- വിദഗ്ധരുടെ സേവനം ഉറപ്പാക്കൽ
- ഡോക്യുമെന്ററി തയ്യാറാക്കൽ
- വിലയിരുത്തൽ

**വിവിധ പ്രവർത്തനഘട്ടങ്ങൾ**

- Photograph using video Camera (Handicam) - 'Video File'
- Transfering the Video file to the Computer
- Sound recording (CD) in a studio set up - Audio file;
- Transferring the audio file to the Computer
- Mixing the audio file and video file
- Video and audio file editing using Open Shot video editor or K. Denlive video editor.
- Exporting to other authentic file
- C.D.Writing
- L.C.D. Projection (For display)

**5.4. പ്രസന്റേഷനുവേണ്ടി സ്ലൈഡുകൾ തയ്യാറാക്കൽ**

**പവർപോയിന്റ് പ്രസന്റേഷൻ**

ചുരുങ്ങിയ സമയത്തിനുള്ളിൽ വിവിധങ്ങളായ ആശയങ്ങളും വസ്തുതകളും സദസ്സിനു മുന്നിൽ അവതരിപ്പിക്കാൻ സഹായകമായ ആധുനിക സങ്കേതമാണ് പവർപോയിന്റ് പ്രസന്റേഷനുകൾ. പഴയകാലത്ത് ചാർട്ടുകളും സ്ലൈഡ് പ്രസന്റേഷനും നിർവഹിച്ചിരുന്ന ധർമ്മമാണ് പവർപോയിന്റ് പ്രസന്റേഷനുകൾ കുറേക്കൂടി കാര്യക്ഷമമായി നിർവഹിക്കുന്നത്. പല വലിപ്പത്തിലും നിറത്തിലും ശൈലിയിലുമുള്ള അക്ഷരവിന്യാസം, ഉചിതമായ പശ്ചാത്തലം, ചിത്രങ്ങൾ, ചലച്ചിത്രങ്ങൾ, ശബ്ദം എന്നിവ പവർപോയിന്റ് പ്രസന്റേഷനുകളിലൂടെ അവതരിപ്പിക്കാവുന്നതാണ്. സെമിനാറുകൾ, ചർച്ചകൾ, വ്യത്യസ്ത ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ എന്നിവയ്ക്ക് കൃത്യമായി ആസൂത്രണം ചെയ്ത് തയ്യാറാക്കിയ പവർപോയിന്റ് പ്രസന്റേഷനുകൾ ആകർഷകത്വവും കാര്യക്ഷമതയും നൽകും.

പവർപോയിന്റ് പ്രസന്റേഷൻ എങ്ങനെ തയ്യാറാക്കാം?

**ഘട്ടം - 1**

അവതരണത്തിന്റെ സ്വഭാവം, വിഷയം, സമയം എന്നതിനെ അടിസ്ഥാനപ്പെടുത്തി എന്തെല്ലാം കാര്യങ്ങളാണ് പ്രദർശിപ്പിക്കേണ്ടത്, എന്ന് തീരുമാനിക്കുക. ആമുഖം, വിശദാംശങ്ങൾ, ആവശ്യമായ ചിത്രങ്ങൾ, ചാർട്ടുകൾ, പട്ടികകൾ, വീഡിയോ ശബ്ദങ്ങൾ എന്നിവ ആവശ്യമെങ്കിൽ തയ്യാറാക്കി വയ്ക്കുക.

**ഘട്ടം - 2**

ഉചിതമായ സോഫ്റ്റ്വെയർ തിരഞ്ഞെടുക്കുക. വിന്റോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പവർപോയിന്റ് എന്ന ഓഫീസ് ഡോക്യുമെന്റാണ് ഏറ്റവും ഉചിതം. ലിനക്സിൽ ഓപ്പൺ ഓഫീസ് ഇംപ്രസ് ഉപയോഗിക്കാവുന്നതാണ്. വേഡ് പ്രോസസിംഗ് സോഫ്റ്റവെയറുകളെയും പ്രസന്റേഷന് ഉപയൊഗിക്കാമെങ്കിലും ഇതിനുമാത്രമായുള്ള സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നതാണ്. എളുപ്പവും സൗകര്യവും.

**ഘട്ടം - 3**

നേരത്തെ തയ്യാറാക്കിയ വിവരങ്ങൾ വിവിധ സ്ലൈഡുകളിലേക്ക് സന്നിവേശിപ്പിക്കാം. സ്ലൈഡുകളിൽ വിവരങ്ങൾ കുത്തിനിറയ്ക്കുന്നത്. വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും പ്രയാസമുണ്ടാക്കും. ഒരു തലക്കെട്ടും ഏതാനും പോയിന്റുകളും എന്ന രീതിയിൽ അവതരിപ്പിക്കുന്നതാണ് നല്ലത്. ചാർട്ടുകൾ, ഡയഗ്രങ്ങൾ എന്നിവ വെവ്വേറെ സ്ലൈഡുകളാക്കി തുടർച്ചയായി കാണിക്കാം. ഉപയോഗിക്കുന്ന ചിത്രങ്ങൾ വ്യക്തതയുള്ളതും മതിയായ വലിപ്പത്തിലുള്ളതുമാവണം.

**ഘട്ടം - 4**

പ്രസന്റേഷൻ ആകർഷകമാക്കാൻ ധാരാളം മാർഗങ്ങളുണ്ട്.

1. **അക്ഷരവിന്യാസം**

   അക്ഷരങ്ങളുടെ വലിപ്പം, നിറം, ശൈലി, എന്നിവ ഇഷ്ടാനുസരണം വ്യത്യാസപ്പെടുത്താം. വിവിധ രീതിയിൽ ഷേഡുചെയ്തും മറ്റും ആകർഷകമാക്കിയ ഫോണ്ടുകൾ 'Word Art' എന്ന ടൂളിൽ ലഭ്യമാണ്. ഇങ്ങനെ അക്ഷരവിന്യാസം നടത്തുമ്പോൾ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ സ്വഭാവം പരിഗണിക്കണം.

2. **ചിത്രങ്ങൾ ചേർക്കൽ**

   നേരത്തെ തയ്യാറാക്കി വെച്ചചിത്രങ്ങൾ ഇൻസേർട്ട് എന്ന മെനു വഴി സ്ലൈഡിലേക്കു ചേർക്കാം വിവിധ ജ്യാമിതീയ രൂപങ്ങളും ഇങ്ങനെ സ്ലൈഡിലേക്ക് ആവശ്യാനുസരണം സന്നിവേശിപ്പിക്കാനാകും. വിവരാപഗ്രഥനം (Data Analysis) വ്യക്തമാക്കാനുപകരിക്കുന്ന ചാർട്ടുകൾ, പട്ടികകൾ, ഗ്രാഫുകൾ, ഡയഗ്രങ്ങൾ എന്നിവ ആവശ്യമായ മൂല്യങ്ങൾ (values) കൊടുത്ത് പ്രസന്റേഷനിൽ ഉൾപ്പെടുത്താം. ശബ്ദവും വീഡിയോ ഫയലുകളും ചേർക്കുന്നതും ഇൻസേർട്ട് മെനു ഉപയോഗിച്ചാണ്.

3. **ഇഫക്ടുകൾ**

   തലക്കെട്ടുകളും വിവരങ്ങളും ചിത്രങ്ങളും മറ്റും വൈവിധ്യമാർന്ന രൂപത്തിൽ പ്രേക്ഷകനു മുന്നിൽ പ്രത്യക്ഷപ്പെടുത്താൻ സാധിക്കും. ഇതിന് motion, effect തുടങ്ങിയ ടൂൾസാണ് ഉപയോഗിക്കേണ്ടത്. അത്യാവശ്യമായത് മാത്രം പ്രയോഗിക്കാനുള്ള ഔചിത്യം പ്രദർശകൻ പാലിക്കേണ്ടതാണ്.

4. **സ്ലൈഡ് ലേ ഔട്ട്**

   അവതരിപ്പിക്കുന്ന വിഷയത്തിനനുസരിച്ചുള്ള ലേഔട്ട് തിരഞ്ഞെടുക്കാനാവും. സോഫ്റ്റ്വെയറിൽ ലഭ്യമായ ലേ ഔട്ടുകളും അവതാരകന്റെ മനോധർമ്മത്തിനനുസരിച്ചുള്ള ലേഔട്ടുകളും ഉപയോഗിക്കാവുന്നതാണ്. മൊത്തം സ്ലൈഡുകൾക്കും ഒറ്റ ലേഔട്ട് എന്ന രീതിയും വ്യത്യസ്ത സ്ലൈഡുകൾക്ക് വ്യത്യസ്ത ലേഔട്ട് എന്ന ശൈലിയും സ്വീകരിക്കാം. പശ്ചാത്തല വർണ്ണവും വൈവിധ്യമാർന്ന രീതിയിൽ ഉപയോഗിക്കാനാവും.

**കണ്ണി ചേർക്കൽ (Linking)**

പവർപോയിന്റ് പ്രസന്റേഷനുകളിൽ കാര്യക്ഷമമായി ഉപയോഗിക്കാവുന്ന ഒരു സങ്കേതമാണ് കണ്ണിചേർക്കൽ അഥവാ ലിങ്കിംഗ്. ഉദാഹരണത്തിന് കേരളം എന്ന വാക്കിലേക്ക് കേരളത്തിന്റെ ഭൂപടം ലിങ്കു ചെയ്യാം. ചിത്രങ്ങൾ, വിവരങ്ങൾ, വിവിധ വെബ്സൈറ്റുകൾ എന്നിവ ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നവിധത്തിൽ ലിങ്കുചെയ്യാം. നിരവധി സ്ലൈഡുകളുള്ള പ്രസന്റേഷനുകളിൽ വ്യത്യസ്ത സ്ലൈഡുകൾ തമ്മിലും ലിങ്കുചെയ്യാം. വളരെ ശ്രദ്ധിച്ച് പ്രയോഗിച്ചില്ലെങ്കിൽ ഇത്തരം ലിങ്കിംഗ് അബദ്ധമാകും. അതുകൊണ്ട് പരീക്ഷിച്ചുറപ്പിച്ചു മാത്രമേ ഇത് ആളുകൾക്കു മുന്നിൽ പ്രദർശിപ്പിക്കാവൂ.

**ഘട്ടം - 5**

**അവതരണം**

പവർപോയിന്റ് പ്രസന്റേഷന്റെ അവസാനഘട്ടമാണിത്. ഓരോ സ്ലൈഡും എങ്ങനെ പ്രേക്ഷകനു മുന്നിലെത്തണമെന്നു നമുക്കു തീരുമാനിക്കാം. വിവിധ വശങ്ങളിൽ നിന്ന് പ്രത്യക്ഷപ്പെടുന്ന രീതിയിൽ സ്ലൈഡുകളെ വിന്യസിക്കാം. അതുപോലെ ഒന്നിനു പുറകെ മറ്റൊന്നായി കൃത്യമായ ഇടവേളകളിൽ സ്ലൈഡുകൾ പ്രത്യക്ഷപ്പെടുന്ന രീതിയും അവതാരകൻ മൗസ് അല്ലെങ്കിൽ ആരോ കീ അല്ലെങ്കിൽ എന്റർ കീ എന്നിവ അമർത്തുന്ന മുറയ്ക്ക് സ്ലൈഡ് മാറുന്ന രീതയും പ്രയോഗിക്കാം. കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ സ്വഭാവമനുസരിച്ച് ഔചിത്യപൂർവ്വം കൈകാര്യം ചെയ്യേണ്ട കാര്യമാണ് ഇതെല്ലാം.

സ്ലൈഡ് പ്രസന്റേഷനുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു വിദഗ്ധന്റെ സഹായത്തോടെ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നത് ഏറെ പ്രയോജനകരമാവും.

**പ്രവർത്തനം :സ്ലൈഡ് തയ്യാറാക്കലും പ്രസന്റേഷനും**

**പ്രവർത്തനരീതി :** ഗ്രൂപ്പ്തലം

**പ്രവർത്തന ക്രമം**

- പ്രസന്റേഷനു വേണ്ടിയുള്ള പാഠഭാഗത്തിന്റെ ടി.എം. തയ്യാറാക്കൽ
- ചർച്ച
  - പാഠഭാഗത്തിന്റെ വിനിമയത്തിൽ ഐ.സി.ടി സാധ്യതയുള്ള സന്ദർഭങ്ങൾ ഏതെല്ലാം?
- സ്റ്റോറിബോർഡ് എന്താലെന്ത്? (ഒരു പ്രസന്റേഷൻ തയ്യാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്ത് ക്രമമായി എഴുതുന്നതിനെയാണ് സ്റ്റോറി ബോർഡ് എന്നു പറയുന്നത്.
- ഐ.സി.ടി സാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തി കുറിക്കുന്നു.
- സ്റ്റോറി ബോർഡ് തയ്യാറാക്കൽ.
- സ്റ്റോറിബോർഡ് മാതൃക

"ജലസംരക്ഷണപ്രവർത്തനത്തിൽ ഏർപ്പെണ്ടേതിന്റെ ആവശ്യകത" എന്ന വിഷയവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനത്തിനു വേണ്ടി ഒരു പ്രസന്റേഷൻ തയ്യാറാക്കണമെന്നിരിക്കട്ടെ. അതിനുള്ള സ്റ്റോറി ബോർഡിന്റെ ഭാഗികരൂപം ചുവടെ നൽകിയിരിക്കുന്നു.

| | | |
|---|---|---|
| സ്ലൈഡ് - 1 | ജലം ജീവാമൃതം | ഒരു ശുദ്ധജലസ്രോതസ്സിന്റെ ചിത്രം അക്ഷര വലിപ്പം ............................<br>അക്ഷരത്തിന്റെ നിറം ............................ |
| സ്ലൈഡ് - 2 | ഭൂമിയിലെ ആകെ ജലം, ശുദ്ധ ജലം ഒരു പട്ടിക | അക്ഷരവലിപ്പം :<br>.......................................... |
| സ്ലൈഡ് - 3 | നമ്മുടെ പ്രദേശത്തെ ജല ലഭ്യത - ഒരു പഠനം | അക്ഷരത്തിന്റെ നിറം : ..................................<br>നിങ്ങൾ പ്രോജക്റ്റ് പ്രവർത്തനത്തിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഇവിടെ ഹൈപ്പർ ലിങ്കായി നൽകാം. |
| സ്ലൈഡ് - 4 | നമ്മുടെ പരിസരത്തിൽ ജലം മലിനീകരിക്കപ്പെടുന്ന സാഹച ര്യങ്ങൾ. | ജലമലിനീകരണം വ്യക്തമാക്കുന്ന വീഡിയോ, ചിത്രങ്ങൾ, ................................. |
| സ്ലൈഡ് - 5 | ജലത്തിന്റെ ശാസ്ത്രീയമായ ഉപയോഗം സംബന്ധിച്ച ദൃശ്യ ങ്ങൾ | ശാസ്ത്രീയമായ ജലപുനഃചക്രമണ ദൃശ്യ ങ്ങൾ നിങ്ങളുടെ പരിസരത്തു നിന്നും ചിത്രീകരിച്ചോ, ടീച്ചറുടെ സഹായത്തോടെ ശേഖരിച്ചോ ഇവിടെ പ്രയോജനപ്പെടുത്താം |
| സ്ലൈഡ് - 6 | ജല സംരക്ഷണത്തിൽ ശ്രദ്ധി ക്കേണ്ട കാര്യങ്ങൾ | .<br>.......................ഇവ ബോധവൽക്കരണത്തി നുള്ള നിർദ്ദേശങ്ങളായി ഈ സ്ലൈഡിൽ വരണം. |

- പ്രസന്റേഷനുവേണ്ടിയുള്ള വർക്ക്ഷീറ്റ് തയ്യാറാക്കൽ. (വിദഗ്ധരുടെ സഹായത്തോടെ)

വർക്ക്ഷീറ്റ് മാതൃക.

- പവർപോയിന്റ് പ്രസന്റേഷൻ.

# യൂണിറ്റ് - 6

## സമൂഹവും പ്രവൃത്തിപഠനവും

**സമയം : 2 മണിക്കൂർ**

## ഉള്ളടക്കം

**ഉള്ളടക്കം**

6.1. സ്വാശ്രയസമൂഹം എന്ന ആശയം

6.2. പാർലമെന്റ് പ്രവർത്തനങ്ങൾ

# യൂണിറ്റ് - 6
# സമൂഹവും പ്രവൃത്തിപഠനവും

**ആമുഖം**

വിദ്യാഭ്യാസത്തിലൂടെ വ്യക്തിയും സമൂഹവും സ്വാശ്രയരാവണം. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നിവേറ്റപ്പെടുന്ന സമൂഹമാണ് സ്വാശ്രയസമൂഹം. വിദ്യാഭ്യാസത്തിലൂടെ പഠിതാക്കളുടെ ഏറ്റവും നല്ല കഴിവുകൾ പുറത്തുകൊണ്ടു വരാനാവും. വിദ്യാഭ്യാസത്തിലൂടെ ഓരോ വ്യക്തിയും സമ്പാദിക്കുന്ന ഘടകമായിത്തീരണം. തൊഴിൽപഠനത്തിലൂടെയേ നമ്മുടെ ഗ്രാമങ്ങൾക്ക് ദാരിദ്ര്യത്തിൽ നിന്ന് കരകയറാനാകൂ; ഒരു സ്വാശ്രയസമൂഹം എന്ന സങ്കല്പം സാക്ഷാത്ക്കരിക്കൂ. അതുകൊണ്ടാണ് തൊഴിലുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം ഗാന്ധിജി വിഭാവനം ചെയ്തത്. തൊഴിലുമായി ഉദ്ഗ്രഥിച്ചുകൊണ്ടുള്ള പഠനമാണ് ഏറ്റവും ഫലപ്രദം. അതാണല്ലോ പ്രവൃത്തിപഠനം കൊണ്ട് ഉദ്ദേശിക്കുന്നതും. സ്വാശ്രയസമൂഹം എന്ന ആശയ രൂപീകരണം നടത്തുകയും തന്റെ ഗ്രാമത്തിൽ സ്വാശ്രയത്വം എത്രമാത്രം കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്തുകയും ഉല്പാദന സേവനമേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയുമെന്ന് സെമിനാറിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതിനുള്ള ശേഷി നേടുക എന്നുള്ളതാണ് ഈ യൂണിറ്റുവിനിമയം കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ ഒഴിവുസമയങ്ങളിൽ എറ്റെടുത്ത് നടത്താവുന്ന ഉല്പാദന സാമൂഹ്യസേവനപ്രവർത്തനങ്ങൾ പാർലമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കുവാനും ഉദ്ദേശിക്കുന്നു. അതിലൂടെ സമൂഹവും പ്രവൃത്തിപഠനവും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുവാൻ കഴിയുന്നു.

**ബോധനോദ്ദേശ്യങ്ങൾ :**

- സ്വാശ്രയസമൂഹം എന്ന ആശയം രൂപീകരിക്കുന്നതിന്
- തന്റെ ഗ്രാമത്തിൽ സ്വാശ്രയത്വം എത്രമാത്രം കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്തുന്നതിന്.
- സാമൂഹ്യബോധവൽക്കരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്.
- പാർലമെന്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ പങ്കാളിയാവുന്നതിന്.

## ഉള്ളടക്കം : 6.1. സ്വാശ്രയസമൂഹം

പ്രകൃതിയിലെ വസ്തുക്കൾ എല്ലാം പരസ്പരം ഉപകാരം ചെയ്യുന്നതായി കാണാം. മറ്റൊന്നിന്റെ സഹായമില്ലാതെ നമുക്ക് ജീവിക്കുവാൻ കഴിയില്ല. വിദ്യാലയം, വീട്, തൊഴിൽശാല, കൃഷിസ്ഥലം, വ്യവസായശാല, പ്രകൃതിവിഭവങ്ങൾ, പരിസ്ഥിതി, ജീവജാലങ്ങൾ ഇവ പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുമ്പോഴാണ് സ്വാശ്രയത്വം കൈവരിക്കുന്നത്. ഇവയെല്ലാം സാമൂഹ്യജീവിതഘടകങ്ങളാണ്. ഇവയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിന് നാം എപ്പോഴും ജാഗരൂകരായിരിക്കണം. മാലിന്യനിർമാർജനം, ശുദ്ധജലസംരക്ഷണം, വിതരണം, അടുക്കളത്തോട്ടം, മറ്റു വരുമാന സ്രോതസ്സുകൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും സേവനങ്ങളും ചെയ്യുവാൻ നമുക്കു കഴിയണം.

| | | |
|---|---|---|
| **പ്രവർത്തനം** | : | സ്വാശ്രയ സമൂഹം എന്ന ആശയരൂപീകരണം |
| **പ്രവർത്തനരീതി** | : | ഗ്രൂപ്പ് പ്രവർത്തനം |

പ്രവർത്തനക്രമം

- ചർച്ച : ഒരു ഗ്രാമത്തിലെ സാമൂഹ്യജീവിത ഘടകങ്ങൾ എന്തെല്ലാം? ഇവയുടെ ഒരു കോൺസെപ്റ്റ് മാപ്പ് തയ്യാറാക്കുന്നതെങ്ങനെ?




(ജീവിതഘടകങ്ങൾ : കൃഷി, കുടിവെള്ളം, ആഹാരം, സംസ്ക്കാരം, ആരോഗ്യം, തൊഴിൽ, കച്ചവടം, ഗതാഗതം, പൊതുസ്ഥലം, വായു, അന്തരീക്ഷം, വാർത്താമാധ്യമങ്ങൾ, പഞ്ചായത്തീരാജ്, വിദ്യാഭ്യാസം,.......................)

- സ്കൂൾപരിസരത്തുള്ളതോ, സ്വന്തം ഗൃഹത്തിനു സമീപമുള്ളതോ ആയ വീടുകളുടേയും ഗ്രാമത്തിന്റെയും സന്ദർശനം.
  - വിവരശേഖരണത്തിനു പത്രിക തയ്യാറാക്കണം. സ്വാശ്രയസാമൂഹ്യജീവിതഘടകങ്ങളുമായി ബന്ധപ്പെടുത്തി)
  - വീടുകളുടെ സന്ദർശനം, വിവരശേഖരണം, ക്രോഡീകരണം
- വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കൽ.
- ബോധവൽക്കരണ സെമിനാർ, നിർദ്ദേശങ്ങൾ
- മൂല്യനിർണ്ണയം : സെമിനാർ നടത്തിപ്പ്

## 6.2. പാർലമെന്റ് പ്രവർത്തനങ്ങൾ

പാർലമെന്റ് രൂപീകരണം ഒന്നാം സെമസ്റ്ററിന്റേയും മൂന്നാം സെമസ്റ്ററിന്റെയും തുടക്കത്തിൽ തന്നെ നടത്തേണ്ടതാണ്. ഈ രണ്ടു സെമസ്റ്ററിലെയും അധ്യാപക വിദ്യാർത്ഥികൾ ഒരുമിച്ചുള്ള പാർലമെന്റാണ് ഉദ്ദേശിക്കുന്നത്. പ്രവർത്തനങ്ങൾ രണ്ട്, നാല് സെമസ്റ്ററുകളിലും തുടരേണ്ടതാണ്.

- പാർലമെന്റ് മാസത്തിലൊരിക്കൽ കൂടുകയും മന്ത്രിസഭ മാറുകയും വേണം.
- പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, സ്പീക്കർ എന്നിവരെ കൂടാതെ വകുപ്പുമന്ത്രിമാരും ഉണ്ടാവണം.
  - Finance
  - Health and Sanitation

- Agriculture
- Gardening
- Educational and Cultural;

- മുഴുവൻ അധ്യാപക വിദ്യാർത്ഥികളെയും ഗ്രൂപ്പുതിരിച്ച് ഓരോ വകുപ്പിലും ഉൾപ്പെടുത്തണം.
- സ്പീക്കർ, പ്രധാനമന്ത്രി തുടങ്ങിയവരെയും, പാർലമെന്ററി സെക്രട്ടറിയെയും ജനാധിപത്യ രീതിയിൽ വേണം തെരെഞ്ഞെടുക്കുവാൻ
- സത്യപ്രതിജ്ഞയും നയപ്രഖ്യാപനവും ഉണ്ടാവണം. നയപ്രഖ്യാപനത്തിൽ സ്വാശ്രയസമൂഹ വുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം. ചുമതലാവിഭജനം നടത്തണം. ആസൂത്രണവും നടത്തണം.
- എല്ലാ പ്രവർത്തനങ്ങളും വർക്ക് ഡയറിയിൽ രേഖപ്പെടുത്തണം.
- പാർലമെന്റ് മിനുട്ട്സ്, റിപ്പോർട്ടുകൾ, കണക്കുകൾ വിവിധ വകുപ്പുകളുടെ പ്രവർത്തന ഫലമായുണ്ടാകുന്ന ഉല്പന്നങ്ങൾ തുടങ്ങിയവ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.
- ഓരോ അധ്യാപകവിദ്യാർഥിയുടെയും പാർലമെന്റ് പ്രവർത്തനത്തിലുള്ള മികവ് സൂചക ങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതാണ്.

## യൂണിറ്റ് - 7

# ഇന്റേൺഷിപ്പ്

**സമയം : 2 മണിക്കൂർ**

### ഉള്ളടക്കം

1. ടീച്ചിംഗ് പ്രാക്ടീസിനുള്ള വിശകലന ക്ലാസ് (യു.പി തലം)
2. ഇന്റേൺഷിപ്പ് (നാലാം സെമിസ്റ്ററിൽ)

# യൂണിറ്റ് - 7
# ഇന്റേൺഷിപ്പ്

യു. പി തലത്തിലെ ഇന്റേൺഷിപ്പിനുള്ള മുന്നൊരുക്കങ്ങൾ മൂന്നാം യൂണിറ്റ് വിനിമയ സമയത്ത് നടത്തിയിട്ടുള്ളതാണല്ലോ. രണ്ടാം സെമസ്റ്ററിൽ എൽ.പി തല ഇന്റേൺഷിപ്പ് വേളയിൽ നേടിയ അറിവുകളും നൈപുണികളും അനുഭവങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടു നടത്തിയ മുന്നൊരുക്കങ്ങൾ താഴെപ്പറയുന്നവയാണല്ലോ.

- പ്രവർത്തന പദ്ധതി രൂപരേഖ (യു.പി തലം)
- പാഠാപഗ്രഥനം, പാഠാസുത്രണം (യു.പി. തലം)
- പഠനസാമഗ്രികൾ (TLM)
- വിശകലന ക്ലാസിനുള്ള പാഠാസൂത്രണം
- വിശകലനത്തിനും നിരീക്ഷണത്തിനുമുള്ള ഫോർമാറ്റ് (വിശകലന രൂപരേഖ)

വിശകലന ക്ലാസിനു തയാറാക്കിയ പാഠാസൂത്രണം ഐ.സി.റ്റിയുടെയും CWSN ന്റെയും സാധ്യതകൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തുകയും ഒരു വിശകലനക്ലാസ് നിർവഹിക്കുകയും ചെയ്യുക എന്നതാണ് ഏഴാം യൂണിറ്റിൽ നിഷ്കർഷിച്ചിട്ടുള്ളത്. വിശകലന ക്ലാസ് നടക്കുന്ന സമയം മറ്റു ട്രെയിനികൾ പ്രസ്തുത ക്ലാസ് നിരീക്ഷിച്ച് വിശകലനം നടത്തണം. ഇതിനായി, വിശകലന രൂപരേഖയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കേണ്ടതുണ്ട്. വിശദമായ ചർച്ചയ്ക്കുശേഷം ആവശ്യമായ മാറ്റങ്ങളോടെ പാഠാസൂത്രണം മെച്ചപ്പെടുത്തുകയും ആകാം.

വിശകലന ക്ലാസിന്റെയും വിശകലന രേഖയുടെയും വെളിച്ചത്തിൽ നാലാം സെമിസ്റ്ററിൽ നിർവഹിക്കേണ്ട ഇന്റേൺഷിപ്പ് ക്ലാസുകളുടെ പാഠാസൂത്രണങ്ങൾ (രണ്ട് ക്ലാസുകൾക്ക്- ഉദ്ഗ്രഥിതവും തനതും) മെച്ചപ്പെടുത്തേണ്ടതാണ്. അത് നാലാം സെമസ്റ്ററിലെ ടീച്ചിംഗ് പ്രാക്ടീസ് വേളയിലേക്ക് കരുതി വയ്ക്കേണ്ടതുമാണ്.

**ബോധനോദ്ദേശ്യങ്ങൾ**

- വിശകലന ക്ലാസിനുള്ള പാഠാസൂത്രണം ICT, CWSN സാധ്യതകൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തുന്നതിന്.
- വിശകലന ക്ലാസ് നിർവഹിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വിശകലന രേഖ തയാറാക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്.
- വിശകലന ക്ലാസിന്റെയും വിശകലന രേഖയുടെയും വെളിച്ചത്തിൽ പാഠാസുത്രണങ്ങൾ മെച്ചപ്പെടുത്തുന്നതിന്.
- മെച്ചപ്പെടുത്തിയ പാഠാസൂത്രണങ്ങൾ (യു.പി തലം) വിനിമയം ചെയ്യുന്നതിന് (നാലാം സെമിസ്റ്ററിലെ ഇന്റേൺഷിപ്പ് വേളയിൽ).

**ഉള്ളടക്കം**

### 7.1 ടീച്ചിംഗ് പ്രാക്ടീസിനുള്ള വിശകലനക്ലാസ് (യു.പി തലം)

**പ്രവർത്തനങ്ങൾ**

- ചർച്ച
  - വിശകലന ക്ലാസിനു തയാറാക്കിയ പാഠാസുത്രണത്തിൽ ഉൾപ്പെടുത്താവുന്ന ഐ.സി.റ്റി. സാധ്യതകൾ എന്തൊക്കെയാണ്?
  - CWSN കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാം?
  - അതിനായി കരുതേണ്ട സാമഗ്രികൾ എന്തൊക്കെയാണ്?
- ചർച്ചയുടെ വെളിച്ചത്തിൽ പാഠാസുത്രണം മെച്ചപ്പെടുത്തൽ.
- വിശകലന ക്ലാസ് നിർവഹണം (ഒരു ട്രെയ്നി മാത്രം)
- വിശകലന ക്ലാസ് നിരീക്ഷണം (മറ്റു ട്രെയ്നികൾ), വിശകലനത്തിനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തൽ (ഗ്രൂപ്പ്/ വ്യക്തിഗതം).
- പാഠാസുത്രണം വീണ്ടും മെച്ചപ്പെടുത്തൽ.

### 7.2 ഇന്റേൺഷിപ്പ് (നാലാം സെമസ്റ്ററിൽ)

നിർദ്ദിഷ്ട സ്കൂളിൽ യു.പി തലത്തിൽ രണ്ടു ക്ലാസുകൾ വീതം ഓരോ അധ്യാപക വിദ്യാർത്ഥിയും നിർവഹിക്കേണ്ടതാണ്. ഇതിൽ ഒരെണ്ണം പ്രവൃത്തിപഠനത്തിന്റെ തനതു പ്രവർത്തനത്തെ പരിഗണിച്ചുകൊണ്ടും മറ്റൊന്ന് ഉദ്ഗ്രഥനത്തിന് ഊന്നൽ നൽകിക്കൊണ്ടും ഉള്ളതായിരിക്കണം. ഇതിനായി ആവശ്യമായ ബോധനശാസ്ത്രപരമായ അപഗ്രഥനം, പാഠാസൂത്രണം ഇവ മൂന്നാം യൂണിറ്റ് വിനിമയ വേളയിൽ ഓരോ ട്രെയ്നിയും തയാറാക്കിയിട്ടുള്ളതാണല്ലോ. ഇവ വിശകലന ക്ലാസിന്റെ വെളിച്ചത്തിൽ ഗ്രൂപ്പിൽ ചർച്ചചെയ്ത് ആവശ്യമായ മാറ്റങ്ങളോടെ (ICT, CWSN സാധ്യതകൾ ഉൾപ്പെടെ) മെച്ചപ്പെടുത്തേണ്ടതാണ്. ഇതാണ് നാലാം സെമിസ്റ്ററിലെ ടീച്ചിംഗ് പ്രാക്ടീസ് വേളയിൽ ഉപയോഗിക്കേണ്ടത്. അതിനുവേണ്ടി ഇതു കരുതിവയ്ക്കുകയും വേണം.

**പ്രവർത്തനങ്ങൾ**

- മുൻകൂട്ടി തയ്യാറാക്കിയ പാഠാസൂത്രണങ്ങൾ (രണ്ടെണ്ണം-ഉദ്ഗ്രഥിതം, തനത്) ICT, CWSN സാധ്യതകൾ ഉൾപ്പെടുത്തിയും വിശകലന ക്ലാസിന്റെ വെളിച്ചത്തിലും മെച്ചപ്പെടുത്തൽ (ഗ്രൂപ്പ്/ വ്യക്തിഗത പ്രവർത്തനം). ഇത് നാലാം സെമസ്റ്ററിലേക്ക് സൂക്ഷിച്ചുവയ്ക്കുകയും വേണം.
- മെച്ചപ്പെടുത്തിയ പാഠാസുത്രണങ്ങൾ ഉപയോഗിച്ച് ക്ലാസ് നിർവഹണം (നാലാം സെമസ്റ്ററിൽ ടീച്ചിംഗ് പ്രാക്ടീസ് വേളയിൽ).
- ക്ലാസ് വിലയിരുത്തൽ (നാലാം സെമസ്റ്ററിൽ ടീച്ചിംഗ് പ്രാക്ടീസ് വേളയിൽ)

**മൂല്യനിർണയം**

യു.പി തലത്തിൽ ICT, CWSN സാധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉദ്ഗ്രഥിത ക്ലാസിനുള്ള പാഠാസുത്രണം (ടീച്ചിംഗ് മാന്വൽ) തയ്യാറാക്കുക. ക്ലാസ് വിലയിരുത്തലിനുള്ള സൂചകങ്ങൾ കുറിക്കുക.